# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറക്കടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ/കെറ്റി എം പി5/1287/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 19/11/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കടവ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ/കെറ്റി എം പി5/1287/21 തീയ്യതി: 19/11/2021

## കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-09-2021 | 30-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 30-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ
അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ
ജാസ്മിൻ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. ജയ ശ്രീധർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്വ. ശ്രീകുമാരൻ നായർ സി ആർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. സുജ മാത്യു | സെക്രട്ടറി | 01-04-2020 | 31-03-2021 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അന്നമ്മ ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ചിത്ര എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. അനീഷ് സി വർക്കി | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 01-04-2020 | 31-03-2021 |
| ഡോ. സാജൻ ചെറിയാൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ധന്യ റ്റി ഗോപാലൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. രാഹുൽ എസ് | വെറ്റിനറി സർജൻ | 01-04-2020 | 14-07-2020 |
| ഡോ. രമ്യ വി | വെറ്റിനറി സർജൻ | 15-07-2020 | 20-07-2020 |
| ഡോ. രാഹുൽ എസ് | വെറ്റിനറി സർജൻ | 21-07-2020 | 20-09-2020 |
| ഡോ. അരുൺ റ്റി എസ് | വെറ്റിനറി സർജൻ | 21-09-2020 | 31-03-2021 |
| ശ്രീ. ജെഫിൻ ജെ എസ് | കൃഷി ഓഫീസർ | 01-04-2020 | 11-09-2020 |
| ശ്രീമതി. അഞ്ജു വിശ്വനാഥ് | കൃഷി ഓഫീസർ (അഡീഷണൽ ചാർജ്) | 11-09-2020 | 07-10-2020 |
| ശ്രീ. സതീഷ് കുമാർ ഐ ബി | കൃഷി ഓഫീസർ | 07-10-2020 | 31-03-2021 |
| ശ്രീമതി. അംബിക വി | ഹെഡ്മിസ്ട്രസ് (അഡീഷണൽ ചാർജ്) | 01-04-2020 | 31-03-2021 |
| ശ്രീ. ലിബീഷ് കെ മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. രഘു എം ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. മഹേഷ് കെ ബാലചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 22-07-2020 |
| ശ്രീ. സജിത്ത് കെ ഇബ്രാഹിം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22-07-2020 | 31-03-2021 |
| | | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. സിന്ധു പി ജി | ഐസിഡിഎസ് സൂപ്പർവൈസർ | | |

12/11/2020 **മുതൽ** 29/12/2020 അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 04-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 01-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-5 |
| 6 | ദേശീയതൊഴിലുറപ്പു പദ്ധതി<br>Written By: Rajesh M (Asst. Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Krishnapriya.S (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 01-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 27-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-10 |
| 11 | അനധികൃത നിർമ്മാണം - വസ്തു നികുതി ഈടാക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-11 |
| 12 | യു എ നമ്പർ നല്കി നികുതി ഈടാക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-11-1 |
| 13 | കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത്.<br>Written By: Rajesh M (Asst. Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-12 |
| 14 | നികുതി നിർണ്ണയത്തിൽ അപാകത<br>Written By: Rajesh M (Asst. Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-13 |
| 15 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-14 |
| 16 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നത്.<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-15 |
| 17 | വാടക കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-16 |
| 18 | ലേല തുക അടവാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-17 |
| 19 | വാർഷിക പദ്ധതിക്ക് തനത്ഫണ്ട് വകയിരുത്തൽ -ഫണ്ട് ബാക്കി പരിഗണിക്കുന്നില്ല. | 1-18 |

| | | |
|---|---|---|
| | Written By: Prasad P G (Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | |
| 20 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല.<br>Written By: Ambily M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-19 |
| 21 | പഞ്ചായത്ത് ശ്മശാനം - ചെലവ് വിവരങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Ambily M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-20 |
| 22 | മുൻകൂർ ചെലവുകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല<br>Written By: Ambily M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-21 |
| 23 | ഇലക്ഷൻ ഡെപ്പോസിറ്റ് - അവശേഷിക്കുന്ന തുക തനത് ഫണ്ടിൽ മുതൽകൂട്ടിയില്ല.<br>Written By: Ambily M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-22 |
| 24 | ദുരിതാശ്വാസ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നില്ല<br>Written By: Ambily M (Asst. Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-23 |
| 25 | ശബരിമല ഗ്രാന്റ് വിനിയോഗം.<br>Written By: Ambily M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-24 |
| 26 | പഞ്ചായത്ത് വാഹനം - ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തുന്നില്ല<br>Written By: Ambily M (Asst. Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-25 |
| 27 | പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചു.<br>Written By: Ambily M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-26 |
| 28 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.<br>Written By: Prasad P G (Audit Officer, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-27 |
| 29 | ശാന്തിതീരം ക്രിമറ്റോറിയം നിർമ്മാണം-പൊതു അപാകതകൾ<br>Written By: Rajesh M (Asst. Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-28 |
| 30 | ജി എസ് റ്റി അധിക വിഹിതം തെറ്റായി നല്കിയത്.<br>Written By: Rajesh M (Asst. Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-29 |
| 31 | പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈനൽബിൽ നല്കി.<br>Written By: Rajesh M (Asst. Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 1-30 |
| 32 | എസ്റ്റിമേറ്റിൽ തുക വകയിരുത്താതെ ജി എസ് റ്റി അധികവിഹിതം നല്കി<br>Written By: Rajesh M (Asst. Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-31 |
| 33 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് പുതിയ കെട്ടിട നിർമ്മാണത്തിന് ചെലവഴിച്ചു<br>Written By: Rajesh M (Asst. Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 1-32 |
| 34 | രാജേന്ദ്രമൈതാനം സ്വാതന്ത്ര്യസമര സ്മാരകം.<br>Written By: Rajesh M (Asst. Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-33 |
| 35 | തെക്കേത്തുകവലയിലെ ഗ്രന്ഥശാലാകെട്ടിടം അറ്റകുറ്റപ്പണികൾ-പൂർത്തിയായില്ല.<br>Written By: Rajesh M (Asst. Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-34 |
| 36 | പി എൻ പി റോഡ് വികസനം - അധികതുക പിൻ വലിച്ചു.<br>Written By: Rajesh M (Asst. Audit Officer, On 26-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-35 |
| 37 | കുടിവെള്ള പദ്ധതികൾ - പൊതു അവലോകനം. | 1-36 |

| | | |
|---|---|---|
| | Written By: Rajesh M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | |
| 38 | സമഗ്രവികസന പ്രോജക്ടുകൾ<br>Written By: Rajesh M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-37 |
| 39 | ടെണ്ടർ ഫാറവില പഞ്ചായത്തിൽ ലഭിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-38 |
| 40 | ബാരൽ വില പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-39 |
| 41 | ഹോമിയോ മരുന്നുകൾ മുഴുവൻ ലഭിച്ചില്ല.<br>Written By: Jasmine (Auditor, On 28-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-40 |
| 42 | ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകാത്തത്.<br>Written By: Jasmine (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-41 |
| 43 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ആദ്യ ഗഡുവായി കൂടുതൽ തുക അനുവദിച്ചിരിക്കുന്നു<br>Written By: Krishnapriya.S (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-42 |
| 44 | അഗതിരഹിത കേരളം<br>Written By: Krishnapriya.S (Auditor, On 29-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-43 |
| 45 | സേവനാവകാശ നിയമം പാലിക്കുന്നതിൽ വീഴ്ച<br>Written By: Prasad P G (Audit Officer, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 1-44 |
| 46 | ക്ഷേമപെൻഷനുകൾ അനർഹമായ കാലയളവിൽ വിതരണം ചെയ്തു<br>Written By: Krishnapriya.S (Auditor, On 30-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 1-45 |
| 47 | തെരുവുവിളക്കുകളുടെ പരിപാലനം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasad P G (Audit Officer, On 01-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-46 |
| 48 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രോജക്ടുകൾ പൂർത്തീകരിച്ചില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Prasad P G (Audit Officer, On 02-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 09-11-2021) | 1-47 |
| 49 | പാലിയേറ്റീവ് കെയർ - ഉപകരണങ്ങൾ ലഭ്യമായില്ല.<br>Written By: Jasmine (Auditor, On 02-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 24-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 27-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 28-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| | Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 28-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 24-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 28-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 17-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 18.03.2020 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 58476688.00 | 54209500.06 |
| വരവ് | 370662600.00 | 117006074.00 |
| ആകെ | 429139288.00 | 171215574.06 |
| ചെലവ് | 421611900.00 | 126870320.00 |
| നീക്കിയിരിപ്പ് | 7527388.00 | 44345254.06 |

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 24.06.2021-ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2020-21 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 54209500.06 രൂപയും തൻവർഷ വരവ് 117006074.00 രൂപയും തൻവർഷചെലവ് 126870320.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 44345254.06 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 182407217.00 രൂപയും ആകെ ചെലവ് 184242394.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3) B7 ഷെഡ്യൂളിൽ 340100301- Contractor's Retension, 340200106-Deposit From Halls And Auditoriums, 340200108-Road Cutting Deposit എന്നിവയുടെ നീക്കിയിരിപ്പ് 2019-20 ൽരജിസ്റ്ററുമായി പൊരുത്തപ്പെടാത്തതിനാൽ തൻവർഷ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) B4 ഷെഡ്യൂളിൽ Centrally Sponsored Scheme – Literacy Scheme Grant -ൻെറ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) B18 ഷെഡ്യൂളിൽ 4601001031-Temperory Advance For Official Purpose-ൻെറ നീക്കിയിരിപ്പ് 2019-20ൽ രജിസ്റ്ററുമായി പൊരുത്തപ്പെടാത്തതിനാൽ തൻവർഷ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) ഡി & ഒ ലൈസൻസ്, വാടക എന്നിവയുടെ കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

8) B 11 ഷെഡ്യൂളിൽ പഞ്ചായത്ത് വാഹനം ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

9) RP 40(A), RP 40 (B)എന്നിവയിൽ ട്രഷറി ഓൺ ഫണ്ട് വി പി എഫ് എ 1-2 , വി പി എഫ് എ 1-3, എന്നിവയിൽ യഥാക്രമം 1691572/- രൂപ, 1702/- രൂപ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്സ്ബുക്ക്,

പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമായിട്ടില്ല.

10) ലേലം തൻവർഷവരവുകളുടെ വിശദാംശങ്ങൾ പൂർണ്ണമായും റസീപ്റ്റ് & പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) എംജിഎൻആർഇജിഎസ് വരവ് ചെലവുകള് I6, I 14(A) എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

12) B18 ഷെഡ്യൂളിൽ Advance To Implementing Officers-ൻെറ നീക്കിയിരിപ്പ്, രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

13) 19.08.2020ൽ പൊൻകുന്നം സബ് ട്രഷറിയിൽ ആരംഭിച്ച 799011400006565 നമ്പർ അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ RP 40 (B) ൽ ഉൾപ്പെടുത്തിയിട്ടില്ല.

14) വിവിധ അക്കൗണ്ടുകളിൽ നിന്നും നല്കിയ താഴെപ്പറയുന്ന ചെക്കുകൾ 31.03.2021-ൽ പണമാക്കാത്ത ചെക്കുകളായിട്ടാണ് പൊരുത്തപ്പെടുത്തൽ പത്രികയിൽ ചേർത്തിട്ടുള്ളത്. ആയത് 3508001012 – Liability In Respect Of Stale Cheque എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം മാറ്റിയിട്ടില്ല.

| ചെക്ക് നം. | തീയതി | തുക | അക്കൗണ്ട് |
|---|---|---|---|
| 607123 | 10.11.2020 | 149717 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 5249111 | 10.06.2020 | 200439 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 5249120 | 03.07.2020 | 168000 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 5249173 | 28.09.2020 | 3138 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 5249140 | 06.08.2020 | 161014 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 5249174 | 07.10.2020 | 42649 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 658569 | 07.10.2020 | 7896 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 5249139 | 04.08.2020 | 162764 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 605669 | 03.07.2020 | 1000 | എൽ ജി റ്റിഎസ് ബി - തനത് ഫണ്ട് |
| 605863 | 27.08.2020 | 11780 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 603543 | 27.06.2019 | 1100 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 603546 | 27.06.2019 | 1360 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 606657 | 19.12.2018 | 767 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 601449 | 12.07.2017 | 430 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 601421 | 21.06.2017 | 269 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 601638 | 25.07.2017 | 324 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 602106 | 05.12.2017 | 1145 | സർവീസ് സഹകരണ ബാങ്ക്, |

| | | | |
|---|---|---|---|
| | | | പൊൻകുന്നം - തനത് ഫണ്ട് |
| 602069 | 03.11.2017 | 230 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 601866 | 10.10.2017 | 1334 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 601890 | 23.10.2017 | 480 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 606784 | 08.02.2019 | 25000 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 601421 | 21.06.2017 | 2250 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 607000 | 04.04.2019 | 1200 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 606984 | 03.04.2019 | 1460 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |
| 605755 | 03.08.2020 | 132 | സർവീസ് സഹകരണ ബാങ്ക്, പൊൻകുന്നം - തനത് ഫണ്ട് |

15) വാർഷികകണക്ക് (B-12 ഷെഡ്യൂൾ) ശീർഷകം 420800101 പ്രകാരം സ്ഥിരനിക്ഷേപമിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക കൃത്യമല്ല. ആയത് സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 54209500.06 |
| ഓഡിറ്റ് വർഷത്തെ വരവ് | 117006074.00 |
| ആകെ | 171215574.06 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 126870320.00 |
| നീക്കിയിരിപ്പ് | 44345254.06 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5893787 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21547808 | 21547808 | 19135511 | 2412297 | 88.80 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 5016000 | 5016000 | 3862292 | 1153708 | 76.99 |
| വികസന | 0 | 477000 | 477000 | 448770 | 28230 | 94.08 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്- ടി.എസ്.പി. | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 7730000 | 7730000 | 5475235 | 2254765 | 70.83 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 14282876 | 14282876 | 7069375 | 7213501 | 49.49 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5642348 | 5642348 | 5243663 | 398685 | 92.93 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 21407000 | 21407000 | 18668901 | 2738099 | 87.20 |
| ഐസിഡിഎസ് ഫണ്ട് | 1288154 | 737701 | 2025855 | 1354982 | 670873 | - |
| സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC) | 39300 | 0 | 39300 | 0 | 39300 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 207382 | 3159305 | 3366687 | 0 | 3366687 | - |
| എൻആർഇജിഎ | 177382.96 | 22415440.74 | 22592823.70 | 22300801.32 | 292022.38 | |

1. വികസന ഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റ് തുക ഗ്രാന്റ് പത്രികയിൽ 19019353 രൂപയാണ്. ആയതിൽ ജി.ഓ പ്രോജക്ട് പ്രകാരം ചെലവഴിച്ച (490/21,491/21,510/21,511/21,513/21) 25,28,455 രൂപ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വികസന ഫണ്ട് പൊതുവിഭാഗം പ്രോജക്ട്നം. 246/21 ആശ്രയ പ്രോജക്ടിന് കൈമാറിയ 2 ലക്ഷം രൂപ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പ്രതിഫലിച്ചിട്ടില്ല.

3. പ്രോജക്ട്നം. 246/21 ആശ്രയ പ്രോജക്ടിൽ വികസന ഫണ്ട് (റ്റി എസ് പി) വിഭാഗത്തിൽ ചെലവഴിച്ച 18,373 രൂപ സുലേഖ ചെലവ് പത്രികയിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും പ്രതിഫലിച്ചിട്ടില്ല.

4. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

2020-21 വാർഷികപദ്ധതി രൂപീകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 16-01-2020 നം പദ്ധതിരൂപീകരണ ഗ്രാമസഭകൾ 20-01-2020മുതൽ 31-01-2020വരെയുള്ള കാലയളവിലും നടക്കുകയുണ്ടായി.കരട് പ്രോജക്ട്നിർദ്ദേശങ്ങൾ 03-03-2020 ലെ വികസനസെമിനാറിൽ ചർച്ചചെയ്ത് അന്തിമമാക്കുകയും പഞ്ചായത്ത് ഭരണസമിതി അംഗീകാരം നല്കുകയും ചെയ്ത വാർഷികപദ്ധതി പ്രോജക്ടുകൾക്ക് 12-02-2021ലെ 80898/20/DPC/DPO/KTM ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചു.അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 426 | 329 | 216313763 | 101254887 | 46.8 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 14 | 11 | 1824400 | 914919 |
| 2 | വെറ്ററിനറി സർജൻ | 11 | 8 | 8568000 | 3515494 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 2 | 2 | 1127102 | 601148 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 5 | 5 | 965000 | 965000 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 |
| 6 | വി.ഇ.ഒ-1 | 7 | 7 | 19101334 | 10698939 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 12 | 11 | 9264278 | 8353572 |
| 8 | സെക്രട്ടറി | 55 | 40 | 20238300 | 9828387 |
| 9 | ഹെഡ് മാസ്റ്റർ | 1 | 1 | 387655 | 387655 |
| 10 | വി.ഇ.ഒ-2 | 13 | 10 | 5926762 | 1806367 |
| 11 | അസി.എൻജിനീയർ | 289 | 221 | 141756657 | 60511471 |
| 12 | ക്ഷീരവികസന ഓഫീസർ | 3 | 3 | 3436208 | 2307830 |
| 13 | അസി.സെക്രട്ടറി | 12 | 9 | 3026067 | 1164105 |
| 14 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 492000 | 0 |
| | ആകെ | 426 | 329 | 216313763 | 101254887 |

ഉല്പാദനമേഖലയിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ കിഴങ്ങ് വർഗം,കുറ്റിക്കുരുമുളക്,പച്ചക്കറി എന്നിവയുടെ വിതരണം,സുഭിക്ഷകേരളം പദ്ധതിയിൽ പെടുത്തി നടപ്പാക്കിയ തരിശുനിലകൃഷികളുൾപ്പെടെ യുള്ളവയാണ്.പശുവളർത്തൽ,കന്നുകട്ടി പരിപാലനം ,മുട്ടക്കോഴി വിതരണം തുടങ്ങിയ പ്രോജക്ടുകൾ വെറ്ററിനറി സർജൻ നടപ്പിലാക്കി.ആരോഗ്യമേഖലയിൽ പാലിയേറ്റീവ് കെയർ,ആയുർവേദ,ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങൽ തുടങ്ങിയ പ്രോജക്ടുകൾ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.ലൈഫ് ഭവനപദ്ധതി മൂന്നാംഘട്ടത്തിൽ ഭൂരഹിതഭവനരഹിതർക്ക് സ്ഥലംവാങ്ങൽ ഭവനനിർമാണം പ്രോജക്ട് പ്രകാരം സ്വയം സ്ഥലം കണ്ടെത്തി കരാറിലേർപ്പെട്ട 10 ഗുണഭോക്താക്കളിൽ 9 പേർ ഭവനം പൂർത്തിയാക്കി.ഭവനപുനരുദ്ധാരണപ്രോജക്ട് പ്രകാരം നിരവധി വീടുകൾ വാസയോഗ്യമാക്കുന്നതിനും സാധിച്ചു.അങ്കണവാടി പോഷകാഹാരം,വൃദ്ധർക്ക് കട്ടിൽ,ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയിട്ടുണ്ട്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻനീട്ടൽ പ്രവൃത്തികൾക്കായി വാട്ടർ അതോറിട്ടിക്ക് 36ലക്ഷത്തോളം രൂപ ഡെപ്പോസിറ്റ്നല്കുകയുണ്ടായി.തെരുവ് വിളക്ക് പരിപാലനം,ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട തെരുവ് വിളക്ക് എന്നീ പ്രോജക്ടുകൾ സ്പിൽ ഓവറും,പുതിയതുമായി നടപ്പാക്കിയതിലൂടെ നിരവധി തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കുകയും ,മെയിന്റനൻസ് നടത്തുകയും ചെയ്തു.എന്നാൽ എല്ലാ വർഷവും ഇപ്രകാരം സ്പിൽ ഓവറായി ആവർത്തിക്കുന്നത് ഈ പ്രോജക്ട് നിർവഹണത്തിലെ കാര്യക്ഷമതയില്ലായ്മയാണ് വെളിപ്പെടുത്തുന്നത്.എ.ബി.സി പ്രോജക്ടിനായി വിഹിതം നല്കൽ,സാമൂഹ്യസുരക്ഷാമിഷന് വിഹിതം നല്കൽ,ക്യാൻകോട്ടയംഫിറ്റ് കോട്ടയം ,ആശ്രയപദ്ധതി എന്നിവയ്ക്കായി തുക നല്കൽ തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കി. എസ്.എസ്.എ വിഹിതം നല്കൽ എന്ന പ്രോജക്ട്

ഹെഡ് മാസ്റ്റർ നടപ്പിലാക്കി.ഇപ്രകാരം വിഹിതം നല്കൽ പ്രോജക്ടുകൾ പ്രകാരം നല്കിയ തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടില്ല.വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കേണ്ടതാണ്.കർഷകർക്ക് പാലിന് സബ്സിഡി,കറവപശുക്കൾക്ക് കാലിത്തീറ്റവിതരണം പ്രോജക്ടുകൾ ക്ഷീരവികസനഓഫീസർ നടപ്പാക്കിയിട്ടുണ്ട്.എസ്.സി,എസ്.ടി വിദ്യാർഥികൾക്ക് പഠനമുറി,എസ്.സി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് ,വയോജനങ്ങൾക്ക് കട്ടിൽ വിതരണം തുടങ്ങിയ പ്രോജക്ടുകൾ അസി.സെക്രട്ടറി നടപ്പിലാക്കുകയുണ്ടായി.

പശ്ചാത്തലമേഖലയിൽ അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ 289 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 221 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.ഇവയിൽ 150സ്പിൽ ഓവർ പ്രോജക്ടുകളിൽ 128എണ്ണം നടപ്പിലാക്കി.സ്പിൽഓവർ പ്രോജക്ടുകൾ മുഴുവൻ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.നിരവധി റോഡുകളുടെ കോൺക്രീറ്റിംഗ്,റീടാറിംഗ്,അങ്കണവാടികൾ,സ്കൂളുകൾ ഉൾപ്പെടെ കെട്ടിടങ്ങളുടെ നിർമാണം,മെയിന്റനൻസ്,സായാഹനപാർക്ക്,ശാന്തിതീരം ക്രിമറ്റോറിയവുമായി ബന്ധപ്പെട്ട പ്രവൃത്തികൾരാജേന്ദ്രമൈതാനം സ്വാതന്ത്ര്യസ്മാരകം,കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, കർഷകമാർക്കറ്റ് കെട്ടിടം ഇങ്ങനെ വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.പലപ്രോജക്ടുകളും നിർമ്മാണത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിലുമാണ്.റോഡ് നിർമ്മാണ പ്രവൃത്തികളിൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയാറാക്കണമെന്ന നിഷ്കർഷ പാലിക്കുകയുണ്ടായില്ല.

നടപ്പിലാക്കിയ പ്രോജക്ടുകൾ പരിസ്ഥിതിസുരക്ഷ,സാമൂഹ്യനീതി ,സാമ്പത്തികവളർച്ച എന്നിവയെ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെയും പ്രദേശങ്ങളുടെയും പുരോഗതിക്ക് വളരെ സഹായകമായിട്ടുണ്ട്. അംഗീകാരം ലഭിച്ചതിൽ 97 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.ഇതിൽ68 എണ്ണവും മരാമത്ത് പ്രവൃത്തികളാണ്.50000 രൂപയിൽതാഴെ വകയിരുത്തലുള്ള പ്രോജക്ടുകളുൾപ്പെടെ നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം,ഫലപ്രാപ്തി,കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത ,തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽമാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

സ്പിൽ ഓവർ പ്രോജക്ടുകൾ പൂർണമായും നടപ്പിലാക്കാൻ സാധിക്കുന്നില്ലയെന്നതിൽ നിന്ന് ഏറ്റെടുക്കുന്ന പല പ്രോജക്ടുകളും മുൻഗണനാടിസ്ഥാനത്തിൽ തയാറാക്കുന്നതല്ലയെന്നാണ് വ്യക്തമാകുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും മീറ്റിംഗുകൾ കൂടി ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കുന്നതിന് പല ഗ്രൂപ്പുകൾക്കും സാധിച്ചില്ല.കൂടാതെ പ്രോജക്ടുകളുടെ നിർവഹണഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ചുമതല നിർവഹിക്കേണ്ടിയിരുന്നുവെങ്കിലും ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടായില്ല. ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ പൂർണ്ണമായ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

പദ്ധതി തുകകൾ ലാപ്സായത്.

വാർഷികപദ്ധതികൾക്കായി തനതുഫണ്ടിൽ നിന്ന് 64387217രൂപ വകയിരുത്തുകയും25290883രൂപ ചെലവഴിക്കുകയും ചെയ്ത സാഹചര്യത്തിലും സർക്കാർ ഗ്രാന്റുകൾ ലാപ്സായത് പദ്ധതി നിർവഹണത്തിലെ അപാകതയാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | ലാപ്സായതുക |
|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 2412297 |
| വികസനഫണ്ട്(എസ്.സി.പി) | 1153708 |
| വികസനഫണ്ട്(ടി.എസ്.പി) | 28230 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(ടൈഡ്) | 2254765 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 2738099 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 398685 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(അൺടൈഡ്) | 7213501 |
| ആകെ | 16199285 |

സർക്കാരിൽ നിന്ന് പദ്ധതിവിഹിതം ഇനത്തിൽ ലഭിക്കുന്ന ഗ്രാന്റുകൾ പ്രോജക്റ്റുകൾക്കായി ചെലവഴിച്ച് തുകകൾ ലാപ്സാകുന്നില്ലയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 186 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം187പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 140പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 100 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 47723 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 680 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി,തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്,മഴക്കുഴി,പട്ടുതാക്കളം തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ ,തുടങ്ങിയ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2020-21വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 177382.96 | 891544.42 | 1068927.38 | 776905 | 292022.38 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | | 21523896.32 | 21523896.32 | 21523896.32 | |
| ആകെ | 177382.96 | 22415440.74 | 22592823.70 | 22300801.32 | 292022.38 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കിൽ തെറ്റായി ചേർത്തിരിക്കുന്നതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്,തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടൻറ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമപദ്ധതികൾ

2020-21 വർഷം ചിറക്കടവ് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9000 | 14 |
| വാർദ്ധക്യകാലപെൻഷൻ | 39667200 | 2671 |
| കർഷകതൊഴിലാളി പെൻഷൻ | 2312500 | 147 |
| വിധവാപെൻഷൻ | 16733000 | 1114 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 755600 | 53 |
| വികലാംഗപെൻഷൻ | 5025000 | 336 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2021 തീയതിയിൽ 3.15 പി എം-ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 48467/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ടിരുന്നതായാണ് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടത്. ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ട്. നിലവിലുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി 90% ശതമാനത്തിലധികം പിരിച്ചെടുക്കാൻ സാധിച്ചത് സ്ഥാപനത്തിന്റെ പ്രവർത്തന മെച്ചത്തെ സാധൂകരിക്കുന്നു. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട് .

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിൽ അപാകതകൾ നിലനില്ക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷിക പദ്ധതി പ്രോജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തുന്നത് തനത് ഫണ്ടിന്റെ കൃത്യമായ കണക്കുകൾ തയാറാക്കാതെയാണെന്ന് കാണുന്നു. മതിയായ ഫണ്ടില്ലാതെയാണ് പ്രോജക്ടുകൾക്ക് തനതുഫണ്ട് വകയിരുത്തുന്നത്.പശ്ചാത്തലമേഖലയിലുൾപ്പെടെ പ്രോജക്ടുകളുടെ ബാഹുല്യം നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം,പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവയെ പ്രതികൂലമായി ബാധിക്കാൻ സാധ്യത വർധിപ്പിക്കുന്നു. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. യാതൊരു പദ്ധതി നിർദ്ദേശങ്ങളും ചേർക്കാതെയാണ് പല മിനിറ്റ്സ് ബുക്കുകളും സൂക്ഷിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന് വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ മതിയായ ശ്രദ്ധപുലർത്തിയില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധന 2019-20, 2020-21 വർഷങ്ങളിൽ കോവിഡ് സംബന്ധമായും , അല്ലാതെയും ധാരാളം സാധന സാമഗ്രികൾ പഞ്ചായത്ത് വാങ്ങിയിട്ടുണ്ട് . എല്ലാ വാങ്ങലുകളുടെയും വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഓഡിറ്റോറിയം/ഹാൾ ഡെപ്പോസിറ്റ്, വിവിധ ഇഎംഡികൾ, റോഡ് കട്ടിംഗ് ഡെപ്പോസിറ്റ് എന്നിവ റീഫണ്ട് ചെയ്യുന്നതും ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശങ്ങൾ , റീഫണ്ട് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി കാലികമാക്കേണ്ടതാണ്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം രേഖപ്പെടുത്തിയ എസിആറിലും, വിവിധ ഏജൻസികൾക്ക് തുക മുൻകൂറായി കൈമാറുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്ററിലും നിലവിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല. 10,000 രൂപയ്ക്ക് മുകളിലുള്ള വാഹന അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട വൗച്ചറുകളിൽ പലതിലും ക്വട്ടേഷൻ വിവരങ്ങൾ ചേർത്തിട്ടില്ല. വിവരങ്ങൾ പൂർണ്ണമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 27.10.2020 | 03/2020 | പി എ യു3-01/2020 തീയതി |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | 27.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2017 മുതൽ 20.03.2017 വരെ | 2014-15 മുതൽ 2015-16 വരെ | എൽബിഎ (എച്ച് ക്യ) II/I/8എ-2594/ 17-18/22 തീയതി 03.05.2017 |

## 1-11 അനധികൃത നിർമ്മാണം - വസ്തു നികുതി ഈടാക്കുന്നില്ല

എം എ ഇർഷാദ്, മാളികവീട്ടിൽ, എരുമേലി എന്നയാളുടെ ഉടമസ്ഥതയിലുള്ളതും വാർഡ് നമ്പർ 2 ൽ 395 K മുതൽ നമ്പരുള്ളതുമായ കെട്ടിടത്തിന്റെ സെല്ലാർ ഭാഗവും, 2ാം നിലയും ഉൾപ്പെട്ട 1644.25 ച.മീ കെട്ടിടം ക്രമവത്കരിക്കുന്നതിന് ഉടമ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . പ്രസ്തുത കെട്ടിട ഭാഗത്ത് ഇൻഡ്യൻ കോഫീ ഹൗസ് ഉൾപ്പെടെ പ്രവർത്തിക്കുന്നുമുണ്ട്. ക്രമപ്പെടുത്താത്ത കെട്ടിടം എന്ന നിലയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കുന്നുമില്ല. കെട്ടിടഭാഗങ്ങൾ ക്രമവത്കരിച്ചു ലഭിക്കുന്നതിന് വേണ്ടി കോടതി വ്യവഹാരവും നിലവിലുണ്ട് (ഫയൽ നം ബി3923/18-5-2018). കേരളപഞ്ചായത്ത് രാജ് നിയമം 235എഎ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടം പണിതീർന്നതു മുതലോ ഉപയോഗപ്പെടുത്തുന്നതുമുതലോ (ഏതാണോ ആദ്യം വരുന്നത്) നിയമാനുസൃത കെട്ടിടത്തിന് നല്കേണ്ട വസ്തു നികുതിയും അതിനോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും വസ്തു നികുതിയായി, കെട്ടിടം പൊളിച്ചു നീക്കുന്നതു വരെയോ ക്രമപ്പെടുത്തുന്നതു വരയോ ഈടാക്കാം. ഇത് അയാൾക്കെതിരെയുള്ള നടപടികൾക്ക് തടസ്സമല്ല. എന്നാൽ ഈ കെട്ടിടത്തിന്റെ കാര്യത്തിൽ ഇത്തരത്തിൽ യു എ നമ്പർ നല്കി നികുതി ഈടാക്കാത്തതു മൂലം പ്രതി വർഷം അടിസ്ഥാന നികുതിയിൽ 295965/- രൂപ (1644.25*180 (അടിസ്ഥാന നികുതിയായ 60ന്റെ മൂന്നിരട്ടി) നഷ്ടം പഞ്ചായത്തിന് ഉണ്ടാകുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 35/29.09.21) മറുപടി നല്കിയില്ല. പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11-1 യു എ നമ്പർ നല്കി നികുതി ഈടാക്കുന്നില്ല

റ്റി ജി കലേഷ് കുമാർ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ കെട്ടിടത്തിന്റെ (19/509, 602, 603, 607, 613, 621, 622) ടെറസിൽ ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിന് അപേക്ഷയും പ്ലാനും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധനനടത്തുകയുണ്ടായി. കെട്ടിടത്തിന്റെ മൂന്നാമത്തെ നില അസസ്മെന്റ് രജിസ്റ്ററിൽ ഇല്ല എന്നും ആയതിനാൽ നിയമാനുസൃതം പെർമിറ്റ് എടുത്താണ് അവസാന നില പണിതത് എന്ന് ഉറപ്പില്ലാത്തതിനാലും ടവറിനുള്ള പെർമിറ്റ് നല്കിയിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ പ്രസ്തുത കെട്ടിടം പരിശോധനനടത്തി നിയമാനുസൃത നിർമ്മാണമാണ് എന്ന് ഉറപ്പുവരുത്തുകയും അല്ലാത്ത പക്ഷം നിർമ്മാണം ക്രമപ്പെടുത്തുന്നതു വരെ 3 ഇരട്ടി വസ്തു നികുതി ഈടാക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. 2ാം നിലക്ക് നിലവിൽ 32101 രൂപ നികുതി വരവുണ്ട് . അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/23.09.21) മറുപടിയായി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അനധികൃത നിർമ്മാണം ക്രമപ്പെടുത്തുന്നതു വരെ കേരളപഞ്ചായത്ത് രാജ് നിയമം 235എഎ പ്രകാരം മൂന്നിരട്ടി വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## 1-12 കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത്.

പഞ്ചായത്ത് 19ാം വാർഡിൽ 656 A മുതൽ T വരെ നമ്പർ നല്കിയിട്ടുള്ളതും444.84 ച മീ തറ വിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന് 100 ച.മീ കുറവു വരുന്ന 20 നമ്പരുകൾ നല്കുകയും 100 ച.മീ കുറവു വരുന്ന കെട്ടിടങ്ങൾക്ക് ബാധകമായ 40/ച മീ നിരക്കിൽ നികുതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റ് വാർഡുകളിൽ സമാനരീതിയിൽ നമ്പർ നല്കിയ 100 ച മീ ന് മുകളിൽ വരുന്ന കെട്ടിടങ്ങൾക്ക് ( 100 ച.മീ കുറവു വരുന്ന വിവിധ നമ്പരുകൾ നല്കി)അവയ്ക്ക് ബാധകമായ 60 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്.ഉദാഹരണത്തിന് വാർഡ് 5 ൽ 796 മുതൽ 807 വരെ നമ്പർ നല്കിയിട്ടുള്ള ( എല്ലാം 100ൽ കുറവ്) 100ച മീ മുകളിൽ വരുന്ന നെസിൽ ഇമ്മാനുവേൽ എന്നയാളുടെ കെട്ടിടത്തിന് എല്ലാ നമ്പരുകൾക്കും അടിസ്ഥാന നികുതി 60 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത് . അപാകത മൂലം പഞ്ചായത്തിന് പ്രതി വർഷം 8897/- രൂപ(444.84*20) നഷ്ടം വരുന്നുണ്ട് .

അപാകത സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 31/29.09.21) മറുപടി നല്കിയില്ല. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി പുനപരിശോധിച്ച് പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-13 നികുതി നിർണ്ണയത്തിൽ അപാകത**

വസ്തു നികുതി നിർണ്ണയത്തിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളിൽ നിന്നും പ്രവേശനം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% വർദ്ധനവ് ഉണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റോഡുകളുടെയും വീതി കൃത്യമായി കണക്കാക്കി സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡേറ്റാ എൻട്രി വരുത്തുന്ന ഉദ്യോഗസ്ഥർ സ്വന്തം നിലയിൽ റോഡിന്റെ വീതി നിശ്ചയിക്കുന്നത് മൂലം വസ്തുനികുതി നിർണ്ണയത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. ഉദാ, ചുവടെ ചേർക്കുന്നു.

- വാർഡ് 8 ൽ മണ്ണംപ്ലാവ്-പൊൻകുന്നം റോഡിൽ നിന്നും പ്രവേശനം ഉള്ള 690 സി നമ്പർ കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതി രേഖപ്പെടുത്തി നികുതി വർദ്ധനവ് വരുത്തിയപ്പോൾ ഇതേ റോഡിൽ നിന്നും പ്രവേശനമുള്ള 695എ,362ബി കെട്ടിടങ്ങൾക്ക് 5മീറ്ററിൽ താഴെ വീതി കണക്കാക്കിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.
- കാവുംഭാഗം വാളക്കയം റോഡ് ആസ്തിരജിസ്റ്റർ പ്രകാരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡാണ് . എന്നാൽ 11/419ബി നമ്പർ കെട്ടിടം 5 മീറ്ററിൽ കുറവു വീതിയുള്ള റോഡായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.എന്നാൽ ഇതേ റോഡിൽ നിന്നും പ്രവേശനമുള്ള 402/ബി നമ്പർ കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.
- ചേർപ്പത്ത് കവല-ചിറക്കൽ പുതുവയൽ റോഡിന് 5 മീറ്ററിൽ കുറവു വീതിയുള്ള റോഡായി കണക്കാക്കി 14/22എ നമ്പർ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ 34 എ നമ്പർ കെട്ടിടത്തിന് 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

ഒരേ തരത്തിൽ വരുന്ന റോഡിൽ നിന്നും പ്രവേശനം ഉള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം. 36/29.09.21) മറുപടി നല്കിയില്ല. പഞ്ചായത്ത് പരിധിയിലുള്ള റോഡുകളുടെ വീതി കൃത്യമായി നിർണ്ണയിച്ച് റോഡ് മാസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും വസ്തു നികുതി നിർണ്ണയത്തിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

**1-14 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2020-21 സാമ്പത്തിക വർഷം ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ 409 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 549 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2020-21 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1818 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 602 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള | 82 |

| | |
|---|---|
| സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 12 |
| ഓഫീസ് ആവശ്യം | 83 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 131 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 63 |
| **ആകെ എണ്ണം** | **2792** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2792 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 409 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**1-15 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നത്.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ് , കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും പ്രസ്തുത ലൈസൻസിലും, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. ചിറക്കടവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വ്യവസായ ആവശ്യത്തിനുള്ള ഷെഡുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി കോഴി വളർത്തൽ ഷെഡ് ആയി താഴെപ്പറയുന്ന കെട്ടിടങ്ങൾ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | IV/258 A | സരോജിനിയമ്മ, തെങ്ങനാമറ്റത്തിൽ |
| 2 | VI/173 A | ജയലാൽ, സിന്ധു,പാലയ്ക്കൽ |
| 3 | VIII/47 B | ജേക്കബ്,ചേരിയിൽ |
| 4 | VIII/54 | റെജി തോമസ്, മണ്ണംപ്ലാക്കൽ |
| 5 | VIII/415 | ജെസ്സി മോഹൻ, രേവതി |
| 6 | VIII/543, 544 | റ്റി ആർ ചന്ദ്രശേഖര പിള്ള,എടാട്ട് |
| 7 | VIII/690 A | സന്ധ്യ ആർ മണി,ചിറ്റേടത്ത് |
| 8 | IX/32 B | റ്റോണി എബ്രഹാം,വടക്കയിൽ |
| 9 | IX/59 B | ഭാരതിയമ്മ, കൊക്കപ്പള്ളിൽ |
| 10 | IX/123 B | തോമസ് ജോസ്, പൂതക്കുഴിയിൽ |
| 11 | IX/233 A | സലിം,മാടത്തിനാൽ |
| 12 | X/161 | ജോജോ ജോർജ്,വള്ളിക്കുന്നേൽ |
| 13 | X/163 | എം ജെ മാത്യു,മണ്ണൂർ |
| 14 | X/253 | എബ്രഹാം കെ ജെ,.കാട്ടിപീടികയിൽ |
| 15 | XI/81 | ജോൺസൺ,ചുക്കനാനിൽ |
| 16 | XI/477 | ഗോപാലപിള്ള,തീമ്പനാൽ |
| 17 | XIII/511 B | സുരേഷ് ഭാസ്കർ,കിഴക്കേക്കറ്റ് |

| | | |
|---|---|---|
| 18 | XV/32 | സെബാസ്റ്റ്യൻ മാത്യൂ,പാംബ്ലാനിൽ |
| 19 | XVII/82 A | ശാന്തമ്മ,പുളിന്താനത്ത് |
| 20 | XVII/502 | അനിതാകുമാരി,മണ്ണൂർ |

കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 പ്രകാരം 100 എണ്ണം കോഴികളിൽ കൂടുതൽ ഉണ്ടെങ്കിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ കോഴി ഫാം ആയി 2020-21 വർഷം 5 ലൈസൻസ് മാത്രമേ എടുത്തിട്ടുള്ളൂ. ഇപ്രകാരം ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/24.09.2021) മേൽ കെട്ടിടങ്ങളിൽ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധന നടത്തി ഉടൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 വാടക കുടിശ്ശിക നിലനിൽക്കുന്നു

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ 2020-21 വർഷം വാടക കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | പേര് | റൂം നമ്പർ | വാടക കുടിശ്ശിക |
|---|---|---|---|
| 1 | എം എം ഉണ്ണിക്കൃഷ്ണൻ,മറ്റത്തിൽ | 61 | 26808 |
| 2 | ഇ പി സ്ലീഹ,ഇയ്യാക്കപ്പറമ്പിൽ | 68 | 22960 |
| 3 | കവിത പി എൻ,ശ്രീവിലാസം | 70 | 3070 |
| 4 | എം ജി വിനോദ്,ബസ് സ്റ്റാൻറ് അനൗൺസിംഗ് | 80 | 7280 |
| 5 | പി ആർ മോഹൻകുമാർ,കാശിപ്പൈനാനിയിൽ | 78 | 1648 |
| 6 | അനിൽകുമാർ പി ജി,പുളിയംതോട്ടത്തിൽ | 92 | 2942 |
| ആകെ | | | 64708 |

വാടക കുടിശ്ശിക നിലനിൽക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/26.09.2021) വാടക കുടിശ്ശിക സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കോവിഡ് 19 പശ്ചാത്തലത്തിൽ കടകൾ നഷ്ടത്തിലായതിനാൽ മാർച്ച് 31 ന് മുൻപ് അടവാക്കാം എന്നറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വാർഷികകണക്കു പ്രകാരം (B-15) 1,46,777/- രൂപ കുടിശ്ശിക നിലനിൽക്കുന്നു. എന്നാൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക തുകയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല. വാടകവരവുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-17 ലേല തുക അടവാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷം ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ നടന്ന ലേല നടപടികളിൽ താഴെപ്പറയുന്ന ലേലങ്ങളുടെ തുക പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | ലേലം | ലേല തുക | ലേലം പിടിച്ചയാൾ | അടവാക്കിയ തുക | ബാക്കി അടവാക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | പൊൻകുന്നം ബസ് സ്റ്റാൻഡിൽ കയറുന്ന ബസുകളിൽ | 566100 | കെ എസ് ജയകൃഷ്ണൻ നായർ<br>മൈ ബസ് യുണൈറ്റഡ് സർവീസ് | 250000 | 316100 + ജി എസ് റ്റി 101898 |

| | | | | | |
|---|---|---|---|---|---|
| | നിന്നും ഫീസ് പിരിക്കുന്നത് | | | | |
| 2 | ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം | 2500 | തോമസ് കെ റ്റി കുന്നുക്കൽ | 500 | 2000 |

ലേല തുക പൂർണ്ണമായി അടവാക്കാത്തതിനും തുക പൂർണ്ണമായി അടവാക്കാതെ ലേല നടപടികൾ പൂർത്തികരിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/24.09.2021) സർക്കാർ ഉത്തരവ് (സാധാ) 1410/2021/തസ്വഭവ തീ. 27.07.2021 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ലേലം ചെയ്ത് നൽകിയതുമായ എല്ലാ ഇനങ്ങൾക്കും അടച്ചിട്ട കാലയളവിന് ആനുപാതികമായി കിഴിവ് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും ആയതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്നും ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എന്ന ഇനത്തിൽ അടയ്ക്കാനുള്ള തുകയ്ക്ക് അറിയിപ്പ് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ലേലതുക മുഴുവൻ അടവാക്കാതെ ലേല നടപടികൾ പൂർത്തിയാക്കിയത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ പഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനമെടുത്ത് അടിയന്തിരമായി നടപ്പാക്കേണ്ടതും കിഴിവ് അനുവദിച്ചതിനുശേഷവും അടവാക്കനവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-18 വാർഷിക പദ്ധതിക്ക് തനത്ഫണ്ട് വകയിരുത്തൽ -ഫണ്ട് ബാക്കി പരിഗണിക്കുന്നില്ല.**

പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം തനത് ഫണ്ട് പദ്ധതിയുടെ വിഭവസ്രോതസ്സായി വകയിരുത്തുമ്പോൾ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട വികസനേതര ചെലവുകൾ,എസ്റ്റബ്ളിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, അനിവാര്യ-പൊതുചുമതലകൾ നിറവേറ്റുന്നതിന് വേണ്ടുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ ശുചീകരണം വൈദ്യുതി ചാർജ് വെള്ളക്കരം സ്ട്രീറ്റ് ലൈറ്റ് തുടങ്ങിയവക്ക് ആവശ്യമായ തുക എന്നിങ്ങനെ ബജറ്റ് പ്രകാരം നീക്കി വച്ചശേഷം മിച്ചുള്ള ഫണ്ട് പദ്ധതി വിഭവസ്രോതസ്സായി വകയിരുത്തണം .സാമാന്യം തൃപ്തികരമായ റവന്യൂ വരവുള്ള പഞ്ചായത്തിൽ 2020-21 വർഷത്തെ തനത്ഫണ്ട് നില പരിശോധിക്കാതെ 2021-22 ലെ പദ്ധതിയുടെ വിഭവ സ്രോതസ്സായി വൻ തുക തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. 2020-21 ലെ തനത്ഫണ്ട് നില ചുവടെ ചേർക്കുന്നു.

| | |
|---|---|
| ക്ലോസിംഗ് ബാലൻസ്(31-3-2021) | 44345254.06 |
| സ്ഥിര നിക്ഷേപം | 17353883.65 |
| കിട്ടാനുള്ള തുകകൾ | 3203464 |
| ആകെ | 64902601.71 |
| ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത(-) | 13498664 |
| ബി7 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത(-) | 14045788 |
| ബി9 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത(-) | 2042761.75 |
| 2020-21 ലെ യഥാർത്ഥ നിക്കിയിരിപ്പ് | 35315387.96 |

2021-22 ലെ പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയിരിക്കുന്നത് 4.17 കോടി രൂപയാണ്.നിലവിൽ പരമാവധി പദ്ധതിച്ചെലവിന് ഉപയോഗിക്കാവുന്നത് 3.53 കോടി ആയിരിക്കെ 4.17 കോടി വകയിരുത്തിയതിലൂടെ 64.25 ലക്ഷം രൂപ ബാധ്യതകണക്കിൽ നിന്നുള്ള തുക ചെലവഴിക്കേണ്ട നിലയിലാണ്. പഞ്ചായത്തിന്റ 2020-21 ലെ

തനത് ഫണ്ട് വരുമാനവും 3.71 കോടിയും ചെലവ് 2.49 കോടിയുമാണ്. എന്നാൽ യഥാർത്ഥവരവ് 2.45 കോടിയും ചെലവ് 1.81 കോടിരൂപയുമാണ്. 2020-21 വർഷത്തെ വരവ് ചെലവ് പരിശോധിച്ചാൽ 63.88ലക്ഷം രൂപ മാത്രമാണ് പദ്ധതിച്ചെലവിന് 21-22 ൽ വകയിരുത്താവുന്നത്. പുതിയ വരുമാനസ്രോതസ്സുകൾ കണ്ടെത്തുകയോ ആസ്തിരൂപീകരണ പ്രോജക്ടുകൾക്ക് തുക വകയിരുത്തുന്നതിൽമാർഗ്ഗരേഖ പ്രകാരമുള്ള നിയന്ത്രണം പാലിക്കുകയോ ചെയ്യില്ല എങ്കിൽ പഞ്ചായത്തിൽ സമീപഭാവിയിൽ സാമ്പത്തിക പ്രതിസന്ധിക്ക് സാദ്ധ്യത നിലനില്ക്കുന്നു.

## 1-19 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

മഴക്കാല പൂർവ്വ ശുചീകരണം / പകർച്ച വ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്കായി 2019-20, 2020-21 വർഷം ചുവടെ ചേർക്കും പ്രകാരം മുൻകൂർ തുക ഇടയിരിക്കപ്പുഴ സിഎച്ച്സി മെഡിക്കൽ ഓഫീസർക്ക് കൈമാറി നൽകിയിട്ടുണ്ട്.

| ബിൽ നം/ തീയതി | മുൻകൂർ കൈമാറിയതിന്റെ വിവരം | തുക |
|---|---|---|
| വർഷം - 2020 | | |
| 108/13.05.19 | മഴക്കാല പൂർവ്വ ശുചീകരണം - 20 വാർഡുകളിലേയ്ക്കുള്ള തുക മെഡിക്കൽ ഓഫീസർ ,സി എച് സി ഇടയിരിക്കപ്പുഴ യ്ക്ക് കൈമാറിയത് | 15000 X 20 = 300000 (ശുചിത്വ മിഷൻ - 10000 തദ്ദേശ സ്ഥാപനവിഹിതം - 5000) |
| വർഷം - 2021 | | |
| 236/15.07.20 | 19വാർഡുകളിലെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന ഫണ്ട് - മെഡിക്കൽ ഓഫീസ ർ സി എച്ച് സി ഇടയിരിക്കപ്പുഴയ്ക്ക് കൈമാറിയത് | 19 X 5000= 95000 |
| 176/19.06.20 | വാർഡ് 16 – വാർഡ് തല ശുചിത്വ കമ്മിറ്റിക്ക് അനുവദിക്കുന്ന തുക – ആരോഗ്യ ശുചിത്വ സമിതിയ്ക്ക് കൈമാറിയത് | 15000 |

മുൻകൂർ ക്രമീകരിച്ചതിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/27.09.21) ലഭ്യമായ തുകകൾ മുഴുവൻ ചെലവഴിച്ചു എന്ന മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം മാത്രമാണ് നൽകിയത്. ആരോഗ്യ ശുചിത്വ സമിതി ഓരോ വാർഡിലും ചെലവഴിച്ച തുകയുടെ വൗച്ചറുകളും ക്യാഷ് ബുക്കും സൂക്ഷിക്കേണ്ടതാണ്. സി എച്ച് സി മെഡിക്കൽ ഓഫീസർ ഈ വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതും പൂർണ്ണമായ ചെലവ് വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 പഞ്ചായത്ത് ശ്മശാനം - ചെലവ് വിവരങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ശാന്തിതീരം ശ്മശാന നടത്തിപ്പിനായി 2019-20, 20-21 വർഷങ്ങളിൽ ശ്മശാന സൂക്ഷിപ്പുകാരൻ ശ്രീ .രാധാകൃഷ്ണന്റെ വേതനം 10550 രൂപ (പ്രതിമാസ ശരാശരി), ഒരു മൃതദേഹസംസ്കരണത്തിനായി 1000 രൂപ, പ്രതിമാസം ശരാശരി 8 ഗ്യാസ് സിലിണ്ടറുകൾ വാങ്ങുന്നതിനുള്ള ചെലവ്, ക്രിമറ്റോറിയം ജനറേറ്റർ ഡീസൽ ചെലവ്, വെള്ളം, വൈദ്യുതി ചെലവുകൾ എന്നീ ഇനങ്ങളിലായി തുക ചെലവഴിച്ചിട്ടുണ്ട്. ഗ്യാസ് സിലിണ്ടറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ നാളിതു വരെ പഞ്ചായത്തിൽ സൂക്ഷിച്ചിരുന്നില്ല. 25/27.09.21 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. ക്രിമറ്റോറിയം ജനറേറ്റർ ലോഗ് ബുക്കും , ശ്മശാനത്തിലെ ആവർത്തന ചെലവുകളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ശ്മശാന നടത്തിപ്പ് സംബന്ധിച്ച് നിയമാവലി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ജീവനക്കാരന്റെ നിയമനം സംബന്ധിച്ച കരാർ യഥാസമയം പുതുക്കുന്നതിനുള്ള നടപടികളും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-21 മുൻകൂർ ചെലവുകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായില്ല**

2020-21 ലെ ചുവടെ ചേർക്കുന്ന മുൻകൂർ ചെലവുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

| ബിൽ നം / തീയതി | ചെലവ് | തുക | റിമാർക്ക്സ് |
|---|---|---|---|
| 33/13.04.20 , 183/22.06.20, 241/17.07.20,317/12.08.20 | സാന്ത്വന പരിചരണത്തിനായി നൽകിയ മുൻകൂർ | 38137+35800+35800+35800 | മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം |
| 632/25.11.20 | പാറാംതോട് കോളനിയിലെ വിജ്ഞാനവാടിയിൽ പത്രം ,ആനുകാലിക വിതരണം ചെലവ് | 10250 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും SCDO വഴി തുക തിരികെ ലഭ്യമായതിന്റെ വിവരം |
| 85/12.05.20 | സാമൂഹ്യ അടുക്കള - ശ്രീമതി നസീമയ്ക്കനുവദിച്ച മുൻകൂർ | 41783 | ചെലവ് വിവരങ്ങൾ വൗച്ചറിനൊപ്പം ചേർത്തിട്ടില്ല. |

വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-22 ഇലക്ഷൻ ഡെപ്പോസിറ്റ് - അവശേഷിക്കുന്ന തുക തനത് ഫണ്ടിൽ മുതൽകൂട്ടിയില്ല.**

2020-21 വാർഷികകണക്ക് B7 ഷെഡ്യൂളിൽ, 2020 ഡിസംബറിലെ പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളിൽ നിന്ന് ഇലക്ഷൻ ഡെപ്പോസിറ്റായി സ്വീകരിച്ച 61,000 രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് 144(4)-ാം വകുപ്പ് പ്രകാരം എല്ലാ സ്ഥാനാർത്ഥികൾക്കും കൂടി ചെയ്ത സാധുവായ ആകെ വോട്ടിന്റെ 1/6 വിഹിതം ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും, ബാക്കി തുകയിൽ തിരികെ അവകാശപ്പെടാത്ത തുക ഡെപ്പോസിറ്റിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതുമാണ്.

**1-23 ദുരിതാശ്വാസ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നില്ല**

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം3 പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയ്ക്കായി പൊൻകുന്നം സർവ്വീസ് സഹകരണ ബാങ്കിൽ (A/C No.02410100014046) അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടി അക്കൗണ്ടിലേയ്ക്ക് ധനസമാഹരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 2019-20 , 20-21 വർഷം യാതൊരു ധനസഹായവും ദുരിതാശ്വാസ നിധി യിൽ നിന്ന് അനുവദിച്ചിട്ടുമില്ല . ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും,വ്യക്തികൾ,സംഘടനകൾ,സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ദുരിതാശ്വാസനിധി സമാഹരിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

**1-24 ശബരിമല ഗ്രാന്റ് വിനിയോഗം.**

ശബരിമല മണ്ഡല -മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കേണ്ട ശുചീകരണം, വഴിവിളക്കുകൾ, നദിക്കടവിലെ മുന്നറിയിപ്പുകൾ, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കും, തീർത്ഥാടനമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുമായി തുക പഞ്ചായത്തിന് ലഭ്യമാക്കിയിരുന്നു. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്യുന്നത്. തീർത്ഥാടകർക്ക് പ്രയോജനം ലഭിയ്ക്കത്തക്ക രീതിയിൽ വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ, കുടിവെള്ള ടാങ്ക് വിതരണം, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കാണ് 2019-20, 2020-21 വർഷത്തെ ചെലവ്. ഗ്രാന്റ് തുകകളുടെ വരവ്, ചെലവ് നീക്കിയിരിപ്പ് വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

2019-20

| | |
|---|---|
| മുൻബാക്കി | 891366 |
| 2019-20 വർഷത്തെ വരവ് | 500000 |
| ആകെ | 1391366 |
| ചെലവ് | 290915 |
| ബാലൻസ് | 1100451 |

2020-21

| | |
|---|---|
| മുൻബാക്കി | 1100451 |
| 2019-20 വർഷത്തെ വരവ് | 340000 |
| ആകെ | 1440451 |
| ചെലവ് | 985980 |
| ബാലൻസ് | 454471 |

ഗ്രാന്റിന്റെ വരവ് ചെലവ് കണക്കുകൾ പ്രത്യേക എ.സി.ആർ ൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. വരവുചെലവു വിവരങ്ങൾ എസിആർ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ശബരിമല ഗ്രാന്റ് ശബരിമല തീർത്ഥാടകർക്ക് പൂർണ്ണമായും പ്രയോജനപ്പെടത്തക്ക വിധത്തിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതും ദേശസാൽകൃത ബാങ്കിൽ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് വിനിയോഗിക്കേണ്ടതുമാണ്.

## 1-25 പഞ്ചായത്ത് വാഹനം - ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തുന്നില്ല

ലോഗ് ബുക്ക് പ്രകാരം, പഞ്ചായത്ത് വാഹനമായ KL34B/3864 ബൊലേറോ ജീപ്പിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് 22/03/17 ലാണ് അവസാനമായി നടത്തിയിരിക്കുന്നത്. അതിനു ശേഷം നാളിതുവരെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല. ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-26 പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചു.

16.08.21 AN ന് എലിക്കുളം ഗ്രാമപഞ്ചായത്തിൽ നിന്നും ചിറക്കടവ് ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചു വന്ന ക്ലർക്ക് ശ്രീമതി സന്ധ്യാ ഗോപാലൻ 16.02.2004 ന് താലൂക്ക് ഓഫീസ് കാഞ്ഞിരപ്പള്ളിയിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലിയിൽ പ്രവേശിക്കുകയും 24.06.2019 ന് എലിക്കുളം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയി സ്ഥാനക്കയറ്റം ലഭിച്ച് നിയമനം ലഭിക്കുകയും 29900 രൂപ ( 19000-43600)യായി ശമ്പളം നിർണ്ണയിക്കുകയും ചെയ്തു. ടിയാളുടെ താഴ്ന്ന സ്കെയിലിലെ ഇൻക്രിമെന്റ് തീയതിയായ 01.02.20 ന് ക്ലറിക്കൽ തസ്തികയിൽ ആദ്യ ഇൻക്രിമെന്റ് അനുവദിച്ചു. എന്നാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനു മുമ്പായി രണ്ടാം ഇൻക്രിമെന്റും 01.02.21 ന് അനുവദിച്ചതായി കാണുന്നു. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി മുതലേ ശ്രീമതി സന്ധ്യാ ഗോപാലന് രണ്ടാമത്തെ ഇൻക്രിമെന്റിന് അർഹതയുള്ളൂ . ആകയാൽ 01.02.21 മുതൽ അധികം അനുവദിച്ച ശമ്പളം തിരികെ ഈടാക്കി വിവരം സേവനപുസ്തകത്തിൽ ചേർക്കേണ്ടതാണ്. കൂടാതെ 01.07.19 പ്രാബല്യത്തിലുള്ള ശമ്പള പരിഷ്കരണ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-27 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.

കോവിഡ് കെയർ സെന്റർ നടത്തിപ്പിനായി 908030 രൂപയും സിഎഫ്എൽടിസി സജ്ജീകരിക്കുന്നതിനായി 408496 രൂപയും അനുബന്ധചെലവുകൾ 308833 രൂപയും ഉൾപ്പെടെ 16,25,359 രൂപ 2020-21 വർഷം ഗ്രാമപഞ്ചായത്ത് കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. 9,18,231 രൂപ ജില്ലാദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്.

| ഉത്തരവ് നം / തീയതി | തുക (രൂപ) |
|---|---|
| DM1-4710/20/CCC/B5/13.12.20 | 295599 |
| | |

| | |
|---|---|
| DM1-6182/20/CFLTC/2/11.01.21 | 622632 |
| ആകെ | 918231 |

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി ട്രഷറിയിൽ സ്പെഷ്യൽ TSB അക്കൗണ്ട് 18/08/20 ൽ തുടങ്ങിയെങ്കിലും പ്രസ്തുത അക്കൗണ്ടിലൂടെ പണമിടപാട് നടത്തിയിരുന്നില്ല. 19-20 , 20-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രസീത് മുഖേന സംഭാവന ശേഖരിച്ചിരുന്നില്ല. സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇതുസംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.
ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

## 1-28 ശാന്തിതീരം ക്രിമറ്റോറിയം നിർമ്മാണം-പൊതു അപാകതകൾ

ശാന്തിതീരം ക്രിമറ്റോറിയം നിർമ്മാണത്തിനായി 1.5 കോടി അടങ്കലിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഇ-ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു. 2016-17 ൽ ആരംഭിച്ച പ്രസ്തുത പ്രോജക്റ്റ് പൂർത്തിയാക്കി നാളിതുവരെ ഫൈനൽ ബിൽ നല്കിയിട്ടില്ല.എന്നാൽ ക്രിമറ്റോറിയം മെയിന്റനൻസിനടക്കം എല്ലാവർഷവും പുതിയ പ്രോജക്ടുകൾ തയ്യാറാക്കി കരാറുകാരെ ഏല്പിക്കുകയും ചെയ്യുന്നുണ്ട്.ഇതിനോടകം ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1.ശ്മശാന നിർമ്മാണം

| 2016-17 | | | | |
|---|---|---|---|---|
| പ്രോ.നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ലാപ്സായത്/ നീക്കിയിരിപ്പ് |
| 224/17, | വികസനഫണ്ട് | 2000000 | 133393 | 1866607 |
| | ലോകബാങ്ക് സഹായം | 4505423 | 254175 | 4251248 |
| | തനത് ഫണ്ട് | 8494577 | 00 | 8494577 |
| **2017-18** | | | | |
| 122/18 | വികസനഫണ്ട് | 1866607 | 1866607 | 00 |
| | ലോകബാങ്ക് സഹായം | 4251248 | 4251248 | 00 |
| | തനത് ഫണ്ട് | 8494577 | 1872107 | 6622470 |
| **2018-19** | | | | |
| 311/19 | തനത് ഫണ്ട് | 6622470 | 3130884 | 3491586 |
| **2019-20** | | | | |
| 292/20 | തനത് ഫണ്ട് | 3491586 | 00 | 3491586 |
| **2020-21** | | | | |
| 300/21 | തനത് ഫണ്ട് | 3491586 | 1199449 | 2292137 |
| | ആകെ | | **12707863** | |

**2.ശ്മശാന നിർമ്മാണം പൂർത്തീകരണം**

| 2017-18 | | | | |
|---|---|---|---|---|
| 386/17 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 530496 | 00 | 530496 |
| | ജില്ലാപഞ്ചായത്ത് വിഹിതം | 2500000 | 00 | 2500000 |
| | | | | |
| **2018-19** | | | | |
| 398/18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 530496 | 530496 | 00 |
| | ജില്ലാപഞ്ചായത്ത് വിഹിതം | 2500000 | 693305 | 1806695 |

| | | | | |
|---|---|---|---|---|
| 2019-20 | | | | |
| 310/19 | ജില്ലാപഞ്ചായത്ത് വിഹിതം | 1806695 | 924859 | 881836 |
| 2020-21 | | | | |
| 308/21 | ജില്ലാപഞ്ചായത്ത് വിഹിതം | 881836 | 253898 | 627938 |
| | ആകെ | | 2402558 | |

**3.ശ്മശാനം റോഡ് ചുറ്റുമതിൽ**

| | | | | |
|---|---|---|---|---|
| 2017-18 | | | | |
| 307/2018 | തനത് ഫണ്ട് | 950000 | 00 | 950000 |
| | മെയിന്റനൻസ് ഗ്രാന്റ് | 686000 | 00 | 686000 |
| 2018-19 | | | | |
| 406/19 | തനത് ഫണ്ട് | 1636000 | 656370 | 979630 |
| 2019-20 | | | | |
| 304/20 | തനത് ഫണ്ട് | 979630 | 614657 | 364973 |
| 2020-21 | | | | |
| | തനത് ഫണ്ട് | ഇല്ല | 142942 | |
| | ആകെ | | 1413969 | |

**4.ശ്മശാനം രണ്ടാം ഘട്ടം**

| | | | | |
|---|---|---|---|---|
| 2017-18 | | | | |
| 397/18 | വികസനഫണ്ട് | 800000 | 00 | 800000 |
| 2018-19 | | | | |
| 407/19 | തനത് ഫണ്ട് | 800000 | 00 | 800000 |
| | | 2019-20 | | |
| | | ഇല്ല | | |

5.ശ്മശാനം മെയിന്റനൻസ്

| | | | | |
|---|---|---|---|---|
| 2019-20 | | | | |
| 451/19 | വികസനഫണ്ട് | 650000 | 00 | 650000 |
| 2020-21 | | | | |
| 420/20 | വികസനഫണ്ട് | 650000 | 568734 | 81266 |

**6.ശ്മശാനത്തിന് ഭൗതിക സൗകര്യം**

| | | | | |
|---|---|---|---|---|
| 2019-20 | | | | |
| 451/19 | വികസനഫണ്ട് | 485972 | 00 | 485972 |
| 2020-21 | | | | |
| 420/20 | വികസനഫണ്ട് | 485972 | 00 | 485972 |

**<u>ആകെ ചെലവ്</u>**

| ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|
| വികസനഫണ്ട് | 3935972 | 2568734 | 1367238 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 530496 | 530496 | 00 |
| തനത് ഫണ്ട് | 9444577 | 7473467 | 1971110 |
| ജില്ലാപഞ്ചായത്ത് | 2500000 | 1872062 | 627938 |

| | | | |
|---|---|---|---|
| വിഹിതം | | | |
| ലോകബാങ്ക് സഹായം | 4505423 | 4505423 | 00 |
| | 20916468 | 16950182 | 3966286 |

2016-17ൽ ഏറ്റെടുത്ത ബൃഹത് പദ്ധതികളിലൊന്നായ ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുകയുണ്ടായി.ഏകദേശം പൂർണ്ണതോതിലെത്തിയ പദ്ധതി എന്ന നിലയിൽ പ്രോജക്ടിന്റെ ആരംഭം മുതൽ ഓഡിറ്റ് തീയതി വരെ നടന്ന ചെലവുകളാണ് പരിശോധിച്ചത്. ചിറക്കടവിനൊപ്പം സമീപ പഞ്ചായത്തുകൾക്കും ഗുണം ലഭിക്കുന്ന പദ്ധതി എന്ന നിലയിൽ ജില്ലാപഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമ്മിച്ച ശാന്തിതീരം ശ്മശാനം പഞ്ചായത്തിന് അഭിമാനിക്കാവുന്ന പദ്ധതിയാണ്.ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ പരിഹാരനടപടികൾക്കും ഭരണസമിതിയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുമായി ചുവടെ ചേർക്കുന്നു.

- 2016-17 ലെ നിരക്ക് അടിസ്ഥാനത്തിലുള്ള മാസ്റ്റർ പ്ലാൻ എസ്റ്റിമേറ്റ് പ്രകാരം 1.5 കോടിക്ക് കരാറെടുത്ത കരാറുകാരൻ പ്രവൃത്തികൾ ഇതു വരെ തീർത്ത് ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ല.ആകെ ചെലവ് 1.27 കോടി രൂപ.
- ഒന്നരക്കോടി വകയിരുത്തിയതിൽ 22.92 ലക്ഷം രൂപ ഇനിയും ചെലവഴിച്ചില്ല. ഈ തുകക്ക് പ്രവൃത്തി പൂർത്തീകരിക്കാതെ അനുബന്ധ പ്രോജക്ടുകൾ തുടർ വർഷങ്ങളിൽ ആവിഷ്കരിച്ചതിലൂടെ പദ്ധതി അടങ്കലിൽ വർദ്ധനവ് ഉണ്ടായി.
- കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥരോ ഭരണസമിതിയോ ഉറപ്പു വരുത്തിയില്ല.പകരം പുതിയ പ്രോജക്ടുകൾക്ക് അനുമതി നല്കി.
- ബൃഹത് പദ്ധതികൾക്ക് ബഹുവർഷ പ്രോജക്ട് തയ്യാറാക്കുന്നതിന് പകരം വാർഷിക പ്രോജക്ടുകൾ തയ്യാറാക്കുന്നതിലൂടെ നിർവ്വഹണത്തിലെ സുതാര്യത നഷ്ടപ്പെടുത്തി.
- ശ്മശാനം ചുറ്റുമതിൽ എന്ന പ്രോജക്ടിന് 2017-18 ൽ 686000 രൂപ മെയിന്റനൻസ് ഗ്രാന്റും 950000 രൂപ തനത് ഫണ്ടും വകയിരുത്തുകയും ചെലവ് ഇല്ലാത്തതിനാൽ 2018-19 ൽ സ്പിൽഓവർ ആക്കുകയും ചെയ്തു. എന്നാൽ സ്പിൽ ഓവർ പ്രോജക്ടിൽ മെയിന്റനൻസ് ഗ്രാന്റ് ഒഴിവാക്കി ആ തുകകൂടി തനത് ഫണ്ട് ഉൾപ്പെടുത്തി 1636000 രൂപയുടെ പ്രോജക്ട് തയ്യാറാക്കുക വഴി പഞ്ചായത്തിന് ലഭിക്കുമായിരുന്ന 686000 രൂപയുടെ സർക്കാർ ധനസഹായം നഷ്ടപ്പെടുത്തി.
- ശ്മശാനം രണ്ടാം ഘട്ടം എന്ന പേരിൽ വികസനഫണ്ട് 800000 രൂപ വകയിരുത്തി 2017-18, 2018-19 വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കിയെങ്കിലും നിർവ്വഹണം നടത്താതെ 2019-20 ൽ ഉപേക്ഷിച്ചു. ഇതേ പ്രവൃത്തി പിന്നീട് തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.
- ശ്മശാന നിർമ്മാണത്തിന് ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം 627938/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.പ്രോജക്ട് ഭേദഗതികളോടെ ഈ തുക ചെലവഴിച്ചിരുന്നെങ്കിൽ തനത് ഫണ്ടിൽ നിന്നുള്ള 6.27 ലക്ഷം രൂപയുടെ ചെലവ് ഒഴിവാക്കാമായിരുന്നു.
- ശ്മശാനനിർമ്മാണം പൂർത്തീകരണത്തിന് അളവുപുസ്തകപ്രകാരം ആകെ ചെലവഴിക്കാവുന്നത് 2242785 രൂപയാണ്.ചെലവ് പത്രികപ്രകാരം ആയത് 2402558/-രൂപയാണ്(വിവിധ വർഷങ്ങളിലെ ആകെ ചെലവ്).വ്യത്യാസമുള്ള തുക മറ്റ് പ്രോജക്ടുകൾക്കായി ചെലവഴിച്ചതാണ് (ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് പല പ്രോജക്ടുകൾ തയ്യാറാക്കുകയും ഫണ്ട് പരസ്പരം മാറി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്).
- ശ്മശാനം ചുറ്റുമതിലിന് യഥാർത്ഥ പ്രോജക്ടിൽ നിന്നുള്ള ചെലവ് 614657/-രൂപയാണ്. ബാക്കി തുകയായ 799312 രൂപ ചെലവഴിച്ചിരിക്കുന്നത് മറ്റ് പ്രോജക്ടുകൾക്കുള്ള തനത് ഫണ്ട് വകയിരുത്തലുകളിൽ നിന്നുമാണ്. ഭരണാനുമതി,ജില്ലാ ആസൂത്രണസമിതി അംഗീകാരം എന്നിവയിൽ നിന്നും വ്യതിചലിച്ച് ഫണ്ട് ചെലവഴിക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥന് അധികാരമില്ല (ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട് പല പ്രോജക്ടുകൾ തയ്യാറാക്കുകയും ഫണ്ട് പരസ്പരം മാറി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്).
- ശ്മശാനം ഭൗതികസാഹചര്യത്തിന് 485972 രൂപ 2019-20,2020-21 വർഷങ്ങളിൽ വകയിരുത്തിയെങ്കിലും ചെലഴിച്ചില്ല.മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്ന തുക ഇത്തരത്തിൽ പാഴാക്കുന്നത് അഭിലഷണീയമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20/24.09.21) അപാകതകൾ ഭരണസമിതിയെ ബോധ്യപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി.വിഷയം ഭരണസമിതി പരിഗണിച്ച് സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-29 ജി എസ് റ്റി അധിക വിഹിതം തെറ്റായി നല്കിയത്.**

പൊതുവിദ്യാഭ്യാസയജ്ഞം പദ്ധതിയുടെ ഭാഗമായി 2020-21 ൽ 490000 രൂപ ചെലവിൽ ആസൂത്രണം ചെയ്ത് ഗിരീഷ്ചന്ദ്രൻ കരാറെടുത്തതാണ് ഗവ.സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂം എന്ന 311/21നമ്പർ പ്രോജക്ട്. 2020-21 ൽ പാർട്ട്ബിൽ പ്രകാരം 211775/- രൂപ (ബിൽ നം തീയതി78/19-10-2020) വികസനഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ആകെവേലമൂല്യത്തോടൊപ്പം 22690/- രൂപ ജി എസ് റ്റി അധിക വിഹിതം ഉൾപ്പെടുത്തിയാണ്. കരാറുകാരന് തുക നല്കിയത് (189085+22690=211775). ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 1.4412 നല്കുന്ന കേസുകളിൽ ജി എസ് റ്റി ഉൾപ്പെടെയുള്ള നിരക്കാണ് നല്കുന്നത് . ആയതിനാൽ ജി എസ് റ്റി 12% അധിക വകയിരുത്തൽ ആവശ്യമില്ല.കൂടാതെ എസ്റ്റിമേറ്റിൽ ഇതിനുള്ള തുക വകയിരുത്തിയിട്ടുമില്ല. അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/22.09.21) മറുപടിയായി ഫൈനൽബില്ലിൽ തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. ഈ സാഹചര്യത്തിൽ കരാറുകാരന് വികസനഫണ്ടിൽ നിന്നും അധികം നല്കിയ തുകതിരികെ ഈടാക്കിയോ ,തുടർ പ്രോജക്ടുകളിൽ ക്രമീകരിച്ചോ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

**1-30 പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈനൽബിൽ നല്കി.**

2018-19 ൽ 5 ലക്ഷംരൂപ വികസനഫണ്ട് വകയിരുത്തി ജോർജ് തോമസ് കരാറെടുത്ത കാരക്കാമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പ്രോജക്റ്റിന് (381/18-19,305/19-20,305/20-21) 335723/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു (2020-21 ലെ ചെലവ്16077/- രൂപ, ബിൽ നം തീ 81/28-6-2020). എസ്റ്റിമേറ്റ് പ്രകാരം 20000ലിറ്റർ ടാങ്ക് 1209 മീറ്റർ പിവിസി പൈപ്പ് സ്ഥാപിക്കൽ എന്നിവയായിരുന്നു ചെയ്യേണ്ടിയിരുന്നത്. 4-6-2018 ൽ ടാങ്ക് സ്ഥാപിക്കലും 590 മീറ്റർ പൈപ്പ് സ്ഥാപിക്കലും നടത്തിയ കരാറുകാരൻ 1-10-2020 ൽ 69 മീറ്റർ പൈപ്പ് കൂടി സ്ഥാപിച്ച് ഫൈനൽ ബിൽ തുക വാങ്ങി. യഥാർത്ഥത്തിൽ ചെയ്യേണ്ടതിന്റെ പകുതി മാത്രം പൈപ്പ് സ്ഥാപിച്ച് അപൂർണ്ണമായി പ്രവൃത്തി നിർത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കാതെ ഫൈനൽ ബിൽ നല്കിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/22.09.21) നഷ്ടം വന്ന തുക റിടെൻഷൻ തുകയിൽ ക്രമീകരിക്കുന്നതാണെന്ന് മറുപടി നല്കി. ഭാഗികമായി മാത്രം പ്രവൃത്തി നിർവ്വഹിച്ചതിലൂടെ പഞ്ചായത്തിന് വന്ന നഷ്ടം (വീണ്ടും ചെയ്യുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് ഉൾപ്പെടെ) കണക്കാക്കി റിടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 31965 രൂപയിൽ ക്രമീകരിച്ച് ബാധ്യതകണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

**1-31 എസ്റ്റിമേറ്റിൽ തുക വകയിരുത്താതെ ജി എസ് റ്റി അധികവിഹിതം നല്കി**

മഞ്ഞാവ് കുടിവെള്ള പദ്ധതിക്കായി 2020-21 ൽ 347/20-21 നമ്പരായി 10 ലക്ഷം രൂപ തനത് ഫണ്ട് വകയിരുത്തുകയും 758837 രൂപ ചെലവഴിക്കുകയും ചെയ്തു. ഇതിൽ സിവിൽ പ്രവൃത്തികൾക്ക് 892670.34 രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 179000 രൂപയുമാണ് വകയിരുത്തിയിരുന്നത്. ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഡി എൽ റ്റി സി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | ഇനം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|---|
| 1 | ഇലക്ട്രിക്കൽ പ്രവൃത്തികൾ | 192038.00 | 161375 |
| 2 | എസ്റ്റിമേറ്റ് ,സൂപ്പർവിഷൻ | 5761.14 | 5761 |
| 3 | ചെക്ക്മെഷർ | 1920.38 | 1920 |
| 4 | കണ്ടിജൻസി | 280.48 | 00 |
| 5 | ജി എസ് റ്റി (12% Of 161375) | | 19365 |
| | ആകെ | 200000 | 188421 |

ഡി എസ് ആർ 2016 കോസ്റ്റ് ഇൻഡക്സ് 1.3793 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ജി എസ് റ്റി അധികവിഹിതം നല്കുന്നതിന് തുക വകയിരുത്തിയാൽ മാത്രമേ ജി എസ് റ്റി 12% അധികം നല്കേണ്ടതുള്ളൂ. ഡി

എൽ റ്റി സി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇത്തരത്തിൽ അധികവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 19365/- രൂപ നല്കിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7/22.09.21) മറുപടിയായി ഫയൽ പരിശോധിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടു. ഫയൽ പരിശോധിച്ച് തുടർ മറുപടി ലഭ്യമാക്കുന്നതു വരെ അധികച്ചെലവ് 19365 രൂപ തടസ്സപ്പെടുത്തുന്നു.

**1-32 റോഡിതര മെയിന്റനൻസ് ഗ്രാന്റ് പുതിയ കെട്ടിട നിർമ്മാണത്തിന് ചെലവഴിച്ചു**

242/20-21നമ്പർ പ്രോജക്ട് പ്രകാരം റോഡിതരമെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി 2018-19 ൽ ഏറ്റെടുത്ത് 2020-21 ൽ പൂർത്തിയാക്കിയതാണ് വെൽഫയർ സെന്റർ നിർമ്മാണം എന്ന പ്രോജക്ട്. നിർമ്മാണവേളയിൽ സ്ഥലതർക്കത്തെത്തുടർന്ന് ആദ്യകരാറുകാരൻ പി എം ശിവദാസ് കമ്മറ്റി അംഗീകാരത്തോടെ കരാർ ഒഴിയുകയും അനുകൂല കോടതി വിധിയുടെ അടിസ്ഥാനത്തിൽ റീടെണ്ടർ ചെയ്ത് ചെല്ലദൊരെ എന്നയാൾ കരാറെടുക്കുകയും ചെയ്ത പ്രവൃത്തി പൂർത്തിയായപ്പോൾ ആകെ വേലമൂല്യം 1394025 രൂപയായി നിശ്ചയിക്കുകയും ചെയ്തു. വിവിധ നികുതി കിഴിക്കലുകൾ കഴിഞ്ഞ് 1338264/- രൂപ കരാറുകാരന് നല്കിയിട്ടുണ്ട്.(1394025-55760). ഈ പ്രവൃത്തിയുടെ ബില്ലുകൾ പ്രകാരം1409461/- രൂപ പിൻവലിച്ചിട്ടുണ്ട്(ബിൽ നം 30-9-2020,19/16-4-2020,78/16-4-2020). വിശദമായ പരിശോധനയിൽ പാർട്ട്ബിൽ നല്കിയപ്പോൾ റിടെൻഷൻ ഇനത്തിൽ പിടിച്ച 15436/- രൂപ പിൻ വലിച്ച് സെക്രട്ടറിയുടെ ബാധ്യതകണക്കിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. അപാകതയിൽ വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 8/22.09.21) മറുപടിയായി ഫയൽ പരിശോധിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടു . കൈമാറിക്കിട്ടിയ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കായി ലഭിക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് പുതിയ കെട്ടിട നിർമ്മാണത്തിന് ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. അനുമതി ലഭിച്ചിട്ടുണ്ട് എങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിന്റെ ആകെച്ചെലവ് 1409461 രൂപ തടസ്സപ്പെടുത്തുന്നു. അധികതുക മെയിന്റനൻസ് ഗ്രാന്റിലേയ്ക്ക് തന്നെ തിരികെ അടവാക്കിയും സർക്കാർ അനുമതി ഹാജരാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

**1-33 രാജേന്ദ്രമൈതാനം സ്വാതന്ത്ര്യസമര സ്മാരകം.**

2020-21 ൽ തനത് ഫണ്ട് 2500000 രൂപ വകയിരുത്തി ആസൂത്രണം ചെയ്തതാണ് രാജേന്ദ്രമൈതാനം സ്വാതന്ത്ര്യസമര സ്മാരകം എന്ന 314/20-21 നമ്പർ പ്രോജക്ട്. ദേശീയപാതയോട് ചേർന്നുള്ള പഞ്ചായത്ത് വക സ്ഥലത്ത് തുറന്നഹാൾ, സ്റ്റേജ്, തടിയിൽ തീർത്ത കമാനം തുടങ്ങിയവയാണ് ലക്ഷ്യമിട്ടിരുന്നത്. പ്രവൃത്തി നടന്നുവരവേ ദേശീയപാത സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 21-8-2020 ലെ32/16 നമ്പർ കത്തിലൂടെ മതിയായ അനുമതി വാങ്ങാതെ പ്രവൃത്തി ആരംഭിച്ചത് നിർത്തിവെക്കണമെന്ന് നിർദ്ദേശിക്കുകയും, കത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്താൻ കരാറുകാരന് നിർദ്ദേശം നല്കുകയും ചെയ്തു. ടി കാലയളവ് വരെ 889692.45 രൂപ മൂല്യമുള്ള പ്രവൃത്തികൾ നടത്തുകയും ആയത് 5ലക്ഷം രൂപയായി പരിമിതപ്പെടുത്തി കരാറുകാരന് നല്കുകയും ചെയ്തു. കെട്ടിട നിർമ്മാണചട്ടങ്ങളിൽ അവഗാഹമുള്ള എഞ്ചിനീയറിംഗ് വിഭാഗം പഞ്ചായത്തിനുണ്ടെന്നിരിക്കെ ആവശ്യമായ അനുമതികൾ വാങ്ങാത്തതിനാൽ മറ്റൊരു എഞ്ചിനീയറിംഗ് വിഭാഗം പണികൾ നിർത്തിവെപ്പിച്ച സാഹചര്യം അഭിലഷണീയമല്ല. പ്രവൃത്തി പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ഹൈവേ അതോറിറ്റിയുടെ അനുവാദം വാങ്ങണമെന്ന ഉത്തരവുകൾ ലഭിച്ചിരുന്നില്ല എന്ന മറുപടി യുക്തിസഹമല്ല. അവശ്യരേഖകളും അനുമതികളും ഇല്ലാതെ പണിനടത്തിയതുമൂലം തടസ്സപ്പെട്ട പ്രവൃത്തിക്കായുള്ള 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടികളിലൂടെ പ്രവൃത്തിപൂർത്തീകരിച്ച് ജനോപകാരപ്രദമാക്കിയോ,പൂർത്തിയാകാത്ത പ്രവൃത്തിക്ക് ചെലവഴിച്ച തുക ഉത്തരവാദികളിൽ നിന്നും ഈടാക്കിയോ തടസ്സം ഒഴിവാക്കാവുന്നതാണ്.

**1-34 തെക്കേത്തുകവലയിലെ ഗ്രന്ഥശാലാകെട്ടിടം അറ്റകുറ്റപ്പണികൾ-പൂർത്തിയായില്ല.**

തെക്കേത്തുകവലയിലുള്ള ഗ്രന്ഥശാലാകെട്ടിടത്തിന് അറ്റകുറ്റപ്പണികൾക്കായി തനത് ഫണ്ട് 6 ലക്ഷം രൂപ വകയിരുത്തുകയും (പ്രോ നം 72/2020, 341/21) ജൂബി കെ ജോസ് എന്നയാൾ 503560 രൂപക്ക് കരാറെടുക്കുകയും ചെയ്തു.നിലവിലുള്ള കെട്ടിടത്തിന് ട്രസ് വർക്ക് , ഗോവണി, ഗ്രിൽ , അറ്റകുറ്റപ്പണികൾ എന്നിവയാണ് ചെയ്യേണ്ടിയിരുന്ന പ്രവൃത്തികൾ. സ്ഥലത്തിന്റ പരിമിതി മൂലം മുകളിലേക്കുള്ള ഗോവണി കെട്ടിടത്തിനകത്തെ ഹാളിൽ നിന്നും നിർമ്മിക്കുകയും ട്രസ് വർക്ക് നടത്തുകയും ചെയ്ത് പണി നിർത്തിവച്ച അവസ്ഥയിലാണ്. പ്രവൃത്തിക്ക് 2019-20 ൽ 173077രൂപ പാർട്ട് ബിൽ ആയി നല്കിയിട്ടുണ്ട്. കെട്ടിടത്തിലെ ഉപയോഗിച്ചുകൊണ്ടിരുന്ന

ഹാൾ പോലും നിലവിൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അക്ഷയകേന്ദ്രം ഉൾപ്പെടെ പ്രവർത്തിക്കുന്ന കെട്ടിടത്തിലെ പ്രവൃത്തി ജനോപകാരപ്രദമായ രീതിയിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ (കരാറുകാരനെതിരെ ഉൾപ്പെടെ) ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 9/22.09.21) മറുപടിയായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കൂടുതൽ സമയം വേണമെന്ന് അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് അറിയിക്കുന്നതു വരെ ഈ ഇനത്തിൽ ചെലവഴിച്ച 173077/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-35 പി എൻ പി റോഡ് വികസനം - അധികതുക പിൻ വലിച്ചു.**

പി എൻ പി റോഡ് വികസനം എന്ന 259/21 നമ്പർ പ്രോജക്ടിന് മെയിന്റനൻസ് ഗ്രാന്റ് റോഡിൽ നിന്നും 430000 രൂപയും തനത് ഫണ്ടിൽ നിന്നും 20000 രൂപയും ഉൾപ്പെടെ450000രൂപ വകയിരുത്തിയിരുന്നു. ജൂബിജോസ് കരാറെടുത്ത പ്രവൃത്തിക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചു.

| | |
|---|---|
| ബിൽ നം 14/20-4-2020 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് | 313996 |
| ബിൽ നം 44/30-6-2020 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് | 116004 |
| തനത് ഫണ്ട് | 13276 |
| ആകെ | 443276 |

ആകെ ചെലവഴിക്കാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അളവ് പുസ്തക പ്രകാരം ആകെ വേലമൂല്യം | 393961 |
| ടെണ്ടർ കുറവ് 0.1% | 394 |
| | 393567 |
| ജി എസ് റ്റി അധികവിഹിതം 12% | 47228 |
| പിൻവലിക്കാവുന്ന തുക | 440795 |

അധികമായി 2481 രൂപ പിൻവലിച്ചതിനുള്ള കാരണം ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/23.09.21) മറുപടിയായി തുക തിരികെ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.ആയതു വരെ അധികച്ചെലവ് 2481 രൂപ തടസ്സപ്പെടുത്തുന്നു.

**1-36 കുടിവെള്ള പദ്ധതികൾ - പൊതു അവലോകനം.**

2019-20,2020-21 വർഷങ്ങളിലായി പഞ്ചായത്ത് ഏറ്റെടുത്ത വിവിധ കുടിവെള്ള പദ്ധതികളുടെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 373/19-20 | മഞ്ഞാവ് കുടിവെള്ള പദ്ധതി | 1500000/-, 1327106 |
| 94/19-20 | മഞ്ഞാവ് കുടിവെള്ള പദ്ധതി | 1000000/-, ---- |
| 48/20-21 | മഞ്ഞാവ്-ആനക്കയം കുടിവെള്ള പദ്ധതി പൂർത്തീകരണം | 500000/-, ---- |
| 325/20-21 | മഞ്ഞാവ്കുടിവെള്ള പദ്ധതി | 172894/- ,,----- |
| 347/20-21 | മഞ്ഞാവ്കുടിവെള്ള പദ്ധതി | 1000000-,/758837 |
| 43/19-20 | ഗ്രാമദീപം കുടിവെള്ള പദ്ധതി | 700000/-, -------- |
| 50/20-21 | ഗ്രാമദീപം കുടിവെള്ള പദ്ധതി | 450000/-, ---- |

| | | |
|---|---|---|
| | പൂർത്തീകരണം | |
| 332/20-21 | ഗ്രാമദീപം കുടിവെള്ള പദ്ധതി | 650000/-,227471 |
| 396/19-20 | ത്രിവേണി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 400000/-299762 |
| 120/20-21 | ത്രിവേണി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 400000/-,251815/- |
| 217/19-20 | ചിറക്കടവ് കുടിവെള്ള പദ്ധതി | 75000/-,------------ |
| 324/20-21 | ചിറക്കടവ് വെസ്റ്റ് കുടിവെള്ള പദ്ധതി | 400000/-, ----- |
| 372/19-20 | ചിറക്കടവ് വെസ്റ്റ് കുടിവെള്ള പദ്ധതി നവീകരണം | 400000/-, ----------- |
| 382/20-21 | ചിറക്കടവ് വെസ്റ്റ് കുടിവെള്ള പദ്ധതി നവീകരണം | 75000/-, ----- |
| 505/20-21 | മണ്ണംപ്ലാവ് കുടിവെള്ള പദ്ധതി | 200000/-, ----- |
| 382/19-20 | മണ്ണംപ്ലാവ് കുടിവെള്ള പദ്ധതി | 70517/-, --- |
| 327/20-21 | മണ്ണംപ്ലാവ് കുടിവെള്ള പദ്ധതി | 70515/-,------ |
| 419/20-21 | മണ്ണംപ്ലാവ് ജലസേചന പദ്ധതി | 200000/-, 122006 |
| 371/19-20 | പൂവത്തിനാൽ കുടിവെള്ള പദ്ധതി | 400000/-, 390036 |
| 416/20-21 | പൂവത്തിനാൽ കുടിവെള്ള പദ്ധതി | 49500/-, ----- |
| 487/20-21 | കൈരളി കുടിവെള്ള പദ്ധതി | 150000/-, --- |
| 312/19-20 | മണ്ണനാനിക്കൽ കുടിവെള്ള പദ്ധതി | 400000/- -------- |
| 305/19-20 | കാരക്കാമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം | 180354/-------- |
| 305/2020-21 | കാരക്കാമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം | 180354/16077 |

കുടിവെള്ളപദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ പ്രോജക്ട് റിപ്പോർട്ട് ഇല്ലാത്തതനാൽ നിർവ്വഹണം സംബന്ധിച്ച വിശദമായ പരിശോധന ദുഷ്കരമാണ്.കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി, മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിർവ്വഹണം നടത്തിയ പ്രവൃത്തികൾ (ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ ), പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും നിർവ്വഹണം നടത്താൻ കഴിയാത്ത സാഹചര്യം (ഏതാനും പ്രോജക്ടുകൾക്ക് മാത്രമാണ് ചെലവ് വന്നിട്ടുള്ളത്)എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഏറ്റെടുത്ത പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനൊപ്പം ആവശ്യമുള്ള പ്രവൃത്തികൾക്ക് മാത്രമാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് തുകചെലവഴിച്ച് നിർമ്മിച്ച എല്ലാ കുടിവെള്ള ജലസേചന പദ്ധതികളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയാറാക്കേണ്ടതാണ്/ആസ്തി രജിസ്റ്റർ വിശദാംശങ്ങൾ ചേർത്ത് കാലികമാക്കി പരിശോധനകൾക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 സമഗ്രവികസന പ്രോജക്ടുകൾ

പഞ്ചായത്ത് പരിധിയിലുള്ള ശാന്തിഗ്രാം കോളനിയുടെ സമഗ്രവികസനത്തിന് പഞ്ചായത്ത് 2019-20 , 2020-21 വർഷങ്ങളിലായി വിവിധ പ്രോജക്ടുകൾ തയ്യാറാക്കുകയും വിവിധ ഫണ്ടുകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 340/19-20 | ശാന്തിഗ്രാംകോളനി പൊതു സ്ഥലം മെയിന്റനൻസ് | 175400/-, ----- |
| | | |

| | | |
|---|---|---|
| 308/19-20 | ശാന്തിഗ്രാം കോളനി റോഡ് സംരക്ഷണഭിത്തി | 200000/-, ------ |
| 265/19-20 | ശാന്തിഗ്രാം കോളനി നടപ്പാത | 270000/-, 103730 |
| 106/19-20 | ശാന്തിഗ്രാം ടി വി ഷെഡ് മെയിന്റനൻസ് | 300000/-, --- |
| 109/19-20 | ശാന്തിഗ്രാംകോളനി സമഗ്രവികസനം | 500000/-, --- |
| 107/19-20 | ശാന്തിഗ്രാം തൊമ്മിത്താഴെ നടപ്പാത | 190000/-, --- |
| 378/19-20 | ശാന്തിഗ്രാംകോളനി പൊതു സ്ഥലം മെയിന്റനൻസ് | 799990/-, 277691 |
| 244/20-21 | ശാന്തിഗ്രാംകോളനി പൊതു സ്ഥലം മെയിന്റനൻസ് | 522299/522286 |
| 356/20-21 | ശാന്തിഗ്രാം ടി വി ഷെഡ് മെയിന്റനൻസ് | 300000/-, 216435 |
| 357/20-21 | ശാന്തിഗ്രാംകോളനി സമഗ്രവികസനം | 500000/-, 497701 |

പഞ്ചായത്തിന്റെ ഒരു പ്രദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് വിവിധ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ വിവിധമേഖലയിലെ പ്രോജക്ടുകൾ പ്രത്യേകമായി തയ്യാറാക്കുന്നതോടൊപ്പം ആയവ ഫോറം8 ൽ രേഖപ്പെടുത്തേണ്ടതും മോണിറ്ററിംഗിന് സംവിധാനം ഏർപ്പെടുത്താവുന്നതുമാണ്. ഇത്തരം പ്രോജക്ടുകൾക്ക് നോഡൽ ഓഫീസറെ നിശ്ചയിക്കാവുന്നതുമാണ്.സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പ്രോജക്ടുകളിൽ മറ്റ് ഏജൻസികളുടെ പങ്കാളിത്തവും ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ പഞ്ചായത്ത് ഏറ്റെടുത്ത പദ്ധതികളിൽ മേൽ നടപടികൾ സ്വീകരിക്കാതെ സാധാരണ പ്രോജക്ടുകളായി ഏറ്റെടുക്കുകയും സമയബന്ധിതമായ പൂർത്തീകരണം സാധിക്കാത്ത സ്ഥിതി ഉണ്ടാവുകയും ചെയ്തു . വിവിധപ്രോജക്ടുകളുടെ പരിശോധന നടത്തുന്നതിന് സമഗ്രമായ പദ്ധതി ഇല്ലാത്തത് പ്രോജക്ടുകളുടെ സമയബന്ധിത പൂർത്തീകരണത്തിന് തടസ്സം സൃഷ്ടിക്കുന്നു.

**1-38 ടെണ്ടർ ഫാറവില പഞ്ചായത്തിൽ ലഭിക്കുന്നില്ല**

പഞ്ചായത്തിൽ 2019-20,2020-21 വർഷങ്ങളിൽ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറക്ക് ഈ തുക പഞ്ചായത്തിന് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. 2020-21 മുതൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിൽ ടെണ്ടർ ഫീ വരവാകുമെന്ന് അറിയിച്ചിരുന്നെങ്കിലും പ്രസ്തുത അക്കൗണ്ടിൽ വരവായിട്ടില്ല. പഞ്ചായത്തിന് അവകാശപ്പെട്ട ടെണ്ടർ ഫീസ് കണക്കാക്കി തനത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-39 ബാരൽ വില പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു**

ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് .എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാർ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-40 ഹോമിയോ മരുന്നുകൾ മുഴുവൻ ലഭിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ | 24/21(ഹോമിയോ ആശുപത്രിക്ക് മരുന്ന്,ഡിസ്പെൻസിംഗ് മെറ്റീരിയൽസ് വാങ്ങൽ) |
| അടങ്കൽ | 200000 |
| ചെലവ് | 200000 (ബിൽ നം.01/2020-21 തീയതി22.1.2021) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന്,ഡിസ്പെൻസിംഗ് മെറ്റീരിയൽസ് വാങ്ങൽ എന്ന പ്രോജക്ടിൽ (നംമ്പർ.24/21) ഹോംകോ യിലേക്ക് ബിൽ നം.01/2020-21 തീയതി22.1.2021 പ്രകാരം 200000 /-രൂപ നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ 74010/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഇനിയും ലഭിക്കാനുള്ള 125990/-രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 125990/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാകാത്തത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 161/21ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 65000 |
| ചെലവ് | 40134 (ബിൽ നം.18/2020-21 തീയതി24.3.2021) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഐ.സി.ഡി.എസ്. ഓഫീസർ 2020-21 ൽ നിർവഹണം നടത്തിയ ഐ.സി.ഡി.എസ് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിന് (പ്രോജക്ട് നമ്പർ 161/21)ബിൽ നം.18/2020-21 തീയതി 24.3.2021 പ്രകാരം 40134 രൂപ കെൽട്രോണിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ കംപ്യൂട്ടർ ലഭ്യമായിട്ടില്ല. കംപ്യൂട്ടർ ലഭ്യമാകുന്നതു വരെ 40134 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-42 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - ആദ്യ ഗഡുവായി കൂടുതൽ തുക അനുവദിച്ചിരിക്കുന്നു

പ്രോജക്ട് നം. 450/2020-21

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് സെക്രട്ടറി

അടങ്കൽ - 500000 (വികസന ഫണ്ട് - എസ് സി പി)

ചെലവ് - 150000 (വികസന ഫണ്ട് - എസ് സി പി)

അസിസ്റ്റൻറ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം ദിവ്യമോൾ അപ്പുക്കുട്ടൻ, പതപ്പറമ്പിൽ, ലക്ഷ്മി വിജയൻ, തൈപ്പറമ്പിൽ എന്നീ കുട്ടികൾക്ക് 75000/- രൂപ വീതം അനുവദിച്ചിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് (സാധാ) 221/2020/തസ്വഭവ തീ. 28.01.2020 പ്രകാരം 50000/- രൂപ ആദ്യ ഗഡുവായും ശേഷിക്കുന്ന തുക 75000/- രൂപയുടെ ഗഡുക്കളായും നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതിയിൽ ആദ്യ ഗഡുവായി 75000/- രൂപ അനുവദിച്ചതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/29.09.2021) നിർമ്മാണ സാമഗ്രികൾ തലച്ചുമടായി നിർമ്മാണ സ്ഥലത്ത് എത്തിക്കേണ്ടതിനാൽ ആദ്യ ഗഡുവായി 50000/- രൂപ തികയാതെ വരുമെന്നതിനാലാണ് ഇപ്രകാരം 75000/- രൂപ വീതം അനുവദിച്ചതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതികൾ നടപ്പാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയും അനുബന്ധ സർക്കാർ ഉത്തരവുകളും പാലിക്കേണ്ടതാണ്. തുടർ നടപടികൾ പൂർത്തീകരിക്കുമ്പോൾ ഉത്തരവുകൾ പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-43 അഗതിരഹിത കേരളം

ആശ്രയ ഒന്നാം ഘട്ടത്തിൽ 5,58,584.21 രൂപയും (സിൻഡിക്കേറ്റ് ബാങ്ക് പൊൻകുന്നം അക്കൗണ്ട് നം.43522030001390) ആശ്രയ രണ്ടാം ഘട്ടത്തിൽ 9,58,584 രൂപയും (യൂണിയൻ ബാങ്ക് അക്കൗണ്ട്

നം.622102010004328) പാസ്സ് ബുക്ക് പ്രകാരം 31.03.2020 ൽ നീക്കിയിരിപ്പുണ്ടായിരുന്നത് 10.07.2019 ൽ 43522010001288 നമ്പറിൽ സിൻഡിക്കേറ്റ് ബാങ്കിൽ പുതിയ അക്കൗണ്ട് ആരംഭിച്ച് ആ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും സിൻഡിക്കേറ്റ് ബാങ്ക്-കാനറാ ബാങ്ക് ഏകീകരണം പൂർത്തിയായപ്പോൾ മേൽ അക്കൗണ്ട് നമ്പറിൽ കാനറാ ബാങ്ക് അക്കൗണ്ടാകുകയും ചെയ്തിട്ടുണ്ട്. 2019-20 ഓഡിറ്റ് റിപ്പോർട്ട് പരാമർശപ്രകാരം കുടുംബശ്രീ തനത് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന പ്ലാൻ ഫണ്ട് വിഹിതം കാനറാ ബാങ്ക് അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 31.03.2021ൽ മേൽ അക്കൗണ്ടിൽ 711225.79 രൂപ നീക്കിയിരിപ്പുണ്ട്.

അഗതി രഹിത കേരളം പദ്ധതിയുടെ ഭാഗമായി വരവുകൾ ഭക്ഷണ വിതരണത്തിനുവേണ്ടി മാത്രമായാണ് 2019-20, 2020-21 വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് സഹായം നൽകേണ്ട മറ്റ് ഘടകങ്ങളായ വസ്ത്രം, മരുന്ന്, വിദ്യാഭ്യാസാവശ്യം, പാർപ്പിടം, വീട് പുനരുദ്ധാരണം തുടങ്ങിയവയ്ക്ക് തുക വിനിയോഗിച്ചിട്ടില്ല. നിലവിലുള്ള അഗതി രഹിത കേരളം പദ്ധതിയിൽ 149 കുടുംബങ്ങളിലായി 289 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പാർപ്പിടം, വീട് പുനരുദ്ധാരണം തുടങ്ങിയവയ്ക്കായി പ്ലാൻ ഫണ്ട് വിഹിതം 400000 രൂപ 2020-21 വർഷവും ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ഘടകങ്ങൾക്കായി തുക ചെലവഴിക്കുന്നില്ല. പ്രോജക്ട് വിഭാവനം ചെയ്യുന്ന പ്രകാരം അഗതികളുടെ സമഗ്രമായ പുരോഗതി സാധ്യമാകും വിധം എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സഹായം നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയും പഞ്ചായത്ത് ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മേൽ പദ്ധതികൾക്കായി തുക ചെലവഴിച്ചില്ലെങ്കിൽ ഇത്തരം ആവശ്യങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ട് തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-44 സേവനാവകാശ നിയമം പാലിക്കുന്നതിൽ വീഴ്ച

പൊതുജനങ്ങൾക്ക് സേവനങ്ങൾ പരമാവധി വേഗത്തിൽ ലഭ്യമാക്കുക എന്നതാണ് സേവനാവകാശനിയമത്തിന്റെ കാതൽ. ഇത് എത്രത്തോളം പഞ്ചായത്തിൽ പ്രാവർത്തികമായി എന്ന പരിശോധനക്ക് കെട്ടിട ഉടമസ്ഥാവശകാശ കൈമാറ്റത്തിനുള്ള 5 ഫയലുകളാണ് പരിശോധിച്ചത് ഇതിൽ 2 ഫയലുകൾ തീർപ്പാക്കുന്നതിൽ നീതീകരിക്കാനാവാത്ത കാലതാമസം ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ/ അപേക്ഷനംപർ/ തീയതി | സെക്ഷൻ ആദ്യനടപടി സ്വീകരിച്ച തീയതി | തീർപ്പായ തീയതി | സേവനാവകാശ നിയമപ്രകാരം തീർപ്പാക്കേണ്ട സമയപരിധി | കാലതാമസം |
|---|---|---|---|---|
| സിന്ധു കെ ജി,ഉല്ലാസ് വില്ല 1/2036-2021 തീ 23/2/21 | 06/08/2021 | 06/08/2021 | 45 ദിവസം | 5മാസം 15 ദിവസം |
| സൗമ്യ, മുത്തുവയലിൽ ,തമ്പലക്കാട് 1/7221/2020 തീ 18-11-2020 | 30/11/2020 തുടർന്ന് 19/7/2021 വരെ പരിശോധനക്ക് ചുമതലപ്പെടുത്തിയ ക്ലാർക്ക് നടപടി സ്വീകരിച്ചില്ല | 4/8/2021 | 45 ദിവസം | 7മാസം 5ദിവസം |

മേൽ പറഞ്ഞവയിൽ ആദ്യ രണ്ട് അപേക്ഷകളിലും ഫയൽ തീർപ്പാക്കുന്നതിന് തടസ്സവാദങ്ങൾ പഞ്ചായത്തിന് ഇല്ല എന്നിരിക്കെ നീതീകരിക്കാനാവാത്ത കാലതാമസം വരുത്തിയതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/25.09.21) ജോലിഭാരം, കോവിഡിന്റെ പ്രത്യേക സാഹചര്യം, 150 ഓളം മുൻ അപേക്ഷകൾ തീർപ്പാക്കാതെ കിടന്നത് തുടങ്ങിയവയാണ് കാരണമായി പറഞ്ഞിട്ടുള്ളത്. അപേക്ഷകൾ തീർപ്പാക്കാത്ത സാഹചര്യം പഞ്ചായത്തിൽ നിലനിന്നിരുന്നു എന്ന് മറുപടിയിൽ നിന്നും വ്യക്തമാണ്. ഭരണസമിതി വിഷയത്തിൽ ഇടപെട്ട് അപാകതകൾ ആവർത്തിക്കാതെ നോക്കേണ്ടതും, പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-45 ക്ഷേമപെൻഷനുകൾ അനർഹമായ കാലയളവിൽ വിതരണം ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ ചിറക്കടവ് ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | പാപ്പൻ കണ്ണിമലയിൽ | കർഷക ത്തൊഴിലാളി പെൻഷൻ | 105620100203 | 15/2/20 | 20/2/20 | 03/20-06/20 | 6400 |
| 2. | കത്രീനാമ്മജോസഫ് | കർഷക ത്തൊഴിലാളി പെൻഷൻ | 10562010029 | 8/2/20 | 20/2/20 | 03/20-08/21 | 28800 |
| 3 | മാധവി സുകുമാരൻ | വാർദ്ധക്യകാല പെൻഷൻ | 105620200672 | 23/9/20 | 9/10/20 | 11/20-8/21 | 16000 |
| 4 | മണി കെ എസ് | വാർദ്ധക്യകാല പെൻഷൻ | 106120200393 | 9/2/21 | 23/2/21 | 3/21-6/21 | 6400 |
| 5 | വി ജി സുകുമാരൻ നായർ | വാർദ്ധക്യകാല പെൻഷൻ | 105620201116 | 21-12-2020 | 4/1/21 | 3/21 | 1600 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് നല്കുന്നുണ്ട് . ഓഡിറ്റ് വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കാലയളവിലെ ക്ഷേമപെൻഷനുകൾ പുന:പരിശോധിച്ച് അനർഹമായ കാലയളവിലെ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-46 തെരുവുവിളക്കുകളുടെ പരിപാലനം-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് സ്ഥാപിക്കൽ,തെരുവ് വിളക്ക് മെയിന്റനൻസ് എന്നീ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് | അടങ്കൽ/ ഫണ്ട് | ചെലവ് | റിമാർക്ക് | കരാറുകാരൻ |
|---|---|---|---|---|---|
| 1 | 125/21,തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ | 326000/ തനത് ഫണ്ട് | 126000/ | 24 വാട്ട് ലൈറ്റുകൾ 120എണ്ണം 1050രൂ.നിരക്കിൽ സ്ഥാപിച്ചു. | ട്രാൻസ്ഫോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, എറണാകുളം |
| 2 | 126/21,തെരുവ് വിളക്ക് | 200000/ | 188000/ | എൽ.ഇ.ഡി | രമണി സോളാർ. |

| | | | | | |
|---|---|---|---|---|---|
| | മെയിന്റനൻസ് | തനത് ഫണ്ട് | | സെറ്റ് 200 എണ്ണം940രൂ നിരക്കിൽ സ്ഥാപിച്ചു. | |
| 3 | 128/21, തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ (ശബരിമല തീർഥാടനം) | 300000/ ശബരിമല സ്പെഷ്യൽ ഫണ്ട് | 298490/ | 45വാട്ട് എൽ.ഇ.ഡി സെറ്റ് 190എണ്ണം 1571രൂ നിരക്കിൽ സ്ഥാപിച്ചു | നിർമ്മൽ ലൈറ്റ്സ്,എറണാകുളം. |
| 4 | 129/21,തെരുവ് വിളക്ക് മെയിന്റനൻസ്(ശബരിമല തീർഥാടനം) | 200000/ ശബരിമല സ്പെഷ്യൽ ഫണ്ട് | 189000/ | സി.എഫ്.എൽ സെറ്റ് മാറ്റി 24വാട്ട് എൽ.ഇ.ഡി ഓട്ടോമാറ്റിക് സെറ്റ് 140എണ്ണം 1350രൂ നിരക്കിൽ സ്ഥാപിച്ചു. | രാജു മുട്ടത്ത് |
| 5 | 439/21,തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ (സ്പിൽ ഓവർ) | 490000/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 193200/ | 24 വാട്ട് എൽ.ഇ.ഡി. ലൈറ്റ് 184എണ്ണം 1050 രൂ നിരക്കിൽ സ്ഥാപിച്ചു. | ട്രാൻസ്റ്റോം ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, എറണാകുളം |
| 6 | 440/21,തെരുവ് വിളക്ക് മെയിന്റനൻസ്(സ്പിൽ ഓവർ) | 490000/ ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 486013/ | 24 വാട്ട് എൽ.ഇ.ഡി. ലൈറ്റ് 900എണ്ണം 540 രൂ നിരക്കിൽ നന്നാക്കി. | ഷാഹുൽ ഹമീദ്, ഗാലക്സി ഇലക്ട്രോണിക്സ്. |
| 7 | 444/21,തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കൽ, (ശബരിമല തീർഥാടനം) (സ്പിൽ ഓവർ) | 300000/ ശബരിമല സ്പെഷ്യൽ ഫണ്ട് | 298490/ | 45വാട്ട് എൽ.ഇ.ഡി സെറ്റ് 190എണ്ണം 1571രൂ നിരക്കിൽ സ്ഥാപിച്ചു | നിർമ്മൽ ലൈറ്റ്സ്,എറണാകുളം. |
| 8 | 445/21,തെരുവ് വിളക്ക് മെയിന്റനൻസ്(ശബരിമല തീർഥാടനം)(സ്പിൽ ഓവർ) | 200000/ ശബരിമല സ്പെഷ്യൽ ഫണ്ട് | 200000/ | 45 വാട്ട് എൽ.ഇ.ഡി ലൈറ്റുകൾ 400എണ്ണം 500 രൂ നിരക്കിൽ നന്നാക്കി. | ഷാഹുൽ ഹമീദ്, ഗാലക്സി ഇലക്ട്രോണിക്സ്. |

അപാകതകൾ

1. മേൽ ചേർത്ത പ്രകാരം 20-21 വർഷം നിരവധി ലൈറ്റുകൾ സ്ഥാപിക്കുകയും നന്നാക്കുകയും ചെയ്തിട്ടുണ്ട്.ടെന്റർ പരസ്യങ്ങളിൽ വാങ്ങി സ്ഥാപിക്കേണ്ട/നന്നാക്കേണ്ട ലൈറ്റുകളുടെ സ്പെസിഫിക്കേഷൻ പറയുകയും കരാറുകാർ നിരക്ക് അതിന്റെ അടിസ്ഥാനത്തിൽ ക്വോട്ട് ചെയ്യുകയും ചെയ്യുന്നു.എന്നാൽ പഞ്ചായത്ത് അംഗങ്ങൾ നല്കുന്ന സാക്ഷ്യപത്രം തന്റെ വാർഡിൽ ഇത്ര ലൈറ്റുകൾ സ്ഥാപിച്ച/നന്നാക്കിയെന്നുമാത്രമാണ്.പ്രവൃത്തിയുടെ ബിൽ കരാറുകാർ നല്കുന്നതും ഇത്ര എണ്ണം എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ച/നന്നാക്കിയെന്നും.അതായത് കരാർ നല്കിയ ഇനം തന്നെയാണ് ചെയ്ത പ്രവൃത്തിയെന്നത് സംബന്ധിച്ച കൃത്യമായി ഉറപ്പുവരുത്തിയല്ല തുക പേമെന്റ് നടത്തുന്നത്.പ്രവൃത്തിയുടെ മോണിട്ടറിംഗ് ഉണ്ടാവുന്നില്ല. കരാറിലും കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.ഇക്കാരണത്താൽ യഥാർഥത്തിൽ ചെയ്ത പ്രവൃത്തിയും നല്കുന്ന തുകയും തമ്മിൽ വ്യത്യാസപ്പെടാനുള്ള സാധ്യത നിലനില്ക്കുന്നു.
2. തെരുവ് വിളക്ക് സ്ഥാപിക്കലും,മെയിന്റനൻസും നടത്തുന്നതിന് കരാറുകാർക്ക് സൗകര്യം ലഭ്യമാക്കണമെന്നഭ്യർഥിച്ച ഇലക്ട്രിസിറ്റി ബോർഡിന് കത്തുനല്കുന്നെങ്കിലും കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷനോ,അനുമതിയോ ഇല്ലാതെയാണ് പ്രവൃത്തികൾ നടക്കുന്നതെന്നാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്.പ്രവൃത്തിയുടെ സാക്ഷ്യപത്രം പോലും കെ.എസ്.ഇ.ബി യുടെ ശുപാർശയില്ലാതെ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.
3. ഓരോ വാർഡിലും മെയിന്റനൻസ് നടത്തേണ്ട വിളക്കുകളുടെ എണ്ണം ചേർത്ത് വർക്ക് ഓർഡർ നല്കുന്നുവെങ്കിലും കേടായവയുടെ വിവരം എപ്രകാരം കരാറുകാർക്ക് ലഭ്യമാക്കുന്നുവെന്നതിൽ അവ്യക്തതയാണ്.ഇപ്രകാരം ഡാറ്റ ശേഖരിക്കുന്നതിന് സംവിധാനം തയാറാക്കിയിട്ടില്ല.
4. കരാറുകാർ ലഭ്യമാക്കുന്ന പഞ്ചായത്ത് മെംബർമാരുടെ സാക്ഷ്യ പത്രമല്ലാതെ കെ.എസ്.ഇ.ബിയിൽ നിന്ന് നിലവിലുള്ള തെരുവ് വിളക്കുകളുടെയും പുതുതായി സ്ഥാപിച്ച/മെയിന്റനൻസ് നടത്തിയവയുടെയും എണ്ണം സംബന്ധിച്ച് ലഭ്യമായ അംഗീകൃത രേഖകളില്ല.
5. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് നടപടികൾ ഉണ്ടാകുന്നില്ല.

തെരുവ് വിളക്ക് വാങ്ങൽ,മെയിന്റനൻസ് എന്നീ പ്രോജക്ടുകൾ സംബന്ധിച്ച മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തെരുവ് വിളക്ക് പരിപാലനം കുറ്റമറ്റതും,പാഴ്ച്ചെലവുകൾ ഇല്ലാത്തതും ആക്കുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-47 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രോജക്ടുകൾ പൂർത്തീകരിച്ചില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

2020-21 വർഷം കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് വേണ്ടി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി തുകകൾ വാട്ടർ അതോറിട്ടി, പി.എച്ച് ഡിവിഷൻ, കോട്ടയത്തിന് അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് | തുക | ഫണ്ട് | ബിൽ/ചെക്ക് |
|---|---|---|---|---|
| 1 | 233/21,പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 4 | 700000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ 20/2020-21/18-11-21 |
| 2 | 234/21,പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 9 | 380000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ 25/2020-21/18-11-20 |
| 3 | 235/21,പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 2 | 340000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ 21/2020-21/18-11-20 |
| 4 | 472/21,5ാം വാർഡ് പൈപ്പ് കണക്ഷൻ വാട്ടർ അതോറിട്ടിക്ക് തുകനല്കൽ | 30000 | തനത് ഫണ്ട്. | അക്കൗണ്ട് ട്രാൻസ്ഫർ. |
| 5 | 492/21, വേട്ടോർ പുരയിടം | 1400000 | ധനകാര്യ | ട്രഷറി ബിൽ |

| | | | | |
|---|---|---|---|---|
| | പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 9 | | കമ്മീഷൻ ഗ്രാന്റ്. | 43/2020-21/25-03-21 |
| 6 | 494/21,പടനിലം പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 16 | 450000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ 42/2020-21/25-03-21 |
| 7 | 496/21, ഗ്രാമദീപം ഐക്കരപ്പറമ്പ്കോളനി പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 8 | 50000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ 41/2020-21/25-03-21 |
| 8 | 498/21,ചേപ്പുംപാറ-വാകത്താനംപൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 4 | 80000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ 39/2020-21/25-03-21 |
| 9 | 499/21,പഴയിടം കോളനിപൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 8 | 60000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ 37/2020-21/25-03-21 |
| 10 | 500/21,ഒറ്റപ്ലാക്കൽ പടി-മൂലേൽപ്പടി പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 8 | 50000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ 40/2020-21/25-03-21 |
| 11 | 501/21,ചേപ്പുംപാറ-കോലഞ്ചിറപൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 4 | 70000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | ട്രഷറി ബിൽ38/2020-21/25-03-21 |
| | ആകെ. | 3610000 | | |

തുക നിക്ഷേപിക്കുമ്പോൾ വാട്ടർ അതോറിട്ടിയുമായി കരാറിൽ ഏർപ്പെട്ടില്ല. കരാർ ഇല്ലാതെ തുക നിക്ഷേപിക്കുകയും പ്രവൃത്തിപൂർത്തീകരിക്കുകയും ചെയ്യിട്ടില്ലാത്ത സാഹചര്യത്തിൽ 3610000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർവഹണ ഏജൻസിയുമായി നിയമാനുസൃതം വ്യവസ്ഥകളുൾപ്പെടുത്തി കരാർ വയ്ക്കുന്നതിനും, പ്രവത്തി പൂർത്തീകരിച്ച് ലഭിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-48 പാലിയേറ്റീവ് കെയർ - ഉപകരണങ്ങൾ ലഭ്യമായില്ല.</u>**

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ പാലിയേറ്റീവ് പരിചരണ പ്രോജക്ടിലൂടെ രോഗീപരിചരണത്തിനുള്ള എയർബെഡ്,വീൽചെയർ,ഡയപ്പറുകൾ,ഗ്ലൗസുകൾ,ഗ്ലൂകോമീറ്റർ സ്ട്രിപ്പുകൾ എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് അക്കൗണ്ട് ട്രാൻസ്ഫറായി തുക നല്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊഫോർമ ഇൻവോയ്സ് | തുക | ട്രഷറിബിൽ | റിമാർക് |
|---|---|---|---|---|
| 2020-21 | PRF 5151/05-02-21 | 75000/ | 10/2020-21/22-03-21 | സാധനങ്ങൾ മുഴുവൻ ലഭ്യമായില്ല. |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് നാളിതുവരെ 61721/രൂപയുടെ ഉപകരണങ്ങൾ/ സാധനങ്ങൾ ലഭ്യമായിട്ടുണ്ട്.13279/രൂപയുടെ ഉപകരണങ്ങൾ ലഭിക്കാൻ അവശേഷിക്കുന്നു.പാലിയേറ്റീവ്

പരിചരണം അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതിനാൽ ഉപകരണങ്ങളുടെയും അനുബന്ധമായി വേണ്ട സാധനങ്ങളുടെയും സമയബന്ധിതമായ ലഭ്യത ഉറപ്പാക്കേണ്ടതാണ്.ഉപകരണങ്ങൾ ലഭ്യമാകാൻ അവശേഷിക്കുന്നതിനാൽ 13279/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 24.09.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.01.2021 | 83334 | 103/20-21, അങ്കണവാടി പോഷകാഹാര പദ്ധതി | 83334 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 13.01.2021 27.03.2021 | 100000 | 106/20-21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 29.03.2021 | 141382 | 160/20-21, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 141382 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 28.09.2020 18.01.2021 | 720000 | 210/20-21, ലൈഫ് ഭവന പദ്ധതി - വീടിന് | 720000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്ഥലം വാങ്ങൽ - ഭവനനിർമ്മാണം | | |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | 19.03.2021 | 75000 | 508/20-21, ലൈഫ് മിഷൻ- ലൈഫ് ഭവന പദ്ധതി - റ്റി എസ് പി | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വാഴൂർ | | | 291/20-21 ലൈഫ് ഭവന പദ്ധതി | 6000 | 0 |
| **ആകെ** | | **1119716** | | **1179716** | **0** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 06.03.2021 | 150000 | 80/20-21, കിഴങ്ങുവർഗ്ഗ വിതരണം | 150000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 08.01.2021 | 201200 | 106/20-21, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 201200 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 11.11.2020 | 160000 | 210/20-21, ലൈഫ് ഭവന പദ്ധതി - വീടിന് സ്ഥലം വാങ്ങൽ - ഭവനനിർമ്മാണം | 160000 | 0 |
| | **ആകെ** | **511200** | | **511200** | **0** |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 233/20-21,പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 4 | ട്രഷറി ബിൽ 20/2020-21 18.11.2० | 700000 | 0 | 700000 |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 234/20-21, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് 9 | ട്രഷറി ബിൽ 25/2020-21 18.11.20 | 380000 | 0 | 380000 |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 235/20-21,പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 2 | ട്രഷറി ബിൽ 21/2020-21 18.11.20 | 340000 | 0 | 340000 |
| വാട്ടർ | 472/20-21,5ാം വാർഡ് | അക്കൗണ്ട് | 30000 | 0 | 30000 |

| | | | | | |
|---|---|---|---|---|---|
| അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | പൈപ്പ് കണക്ഷൻ വാട്ടർ അതോറിട്ടിക്ക് തുകനല്കൽ | ട്രാൻസ്ഫർ | | | |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 492/20-21, വേട്ടോർ പുരയിടം പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 9 | ട്രഷറി ബിൽ 43/2020-21 25.03.21 | 1400000 | 0 | 1400000 |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 494/20-21,പടനിലം പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 16 | ട്രഷറി ബിൽ 42/2020-21 25.03.21 | 450000 | 0 | 450000 |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 496/20-21, ഗ്രാമദീപം ഐക്കരപ്പറമ്പ്കോളനി പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 8 | ട്രഷറി ബിൽ 41/2020-21 25.03.21 | 50000 | 0 | 50000 |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 498/20-21,ചേപ്പുംപാറ-വാകത്താനംപൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 4 | ട്രഷറി ബിൽ 39/2020-21 25.03.21 | 80000 | 0 | 80000 |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 499/20-21,പഴയിടം കോളനിപൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 8 | ട്രഷറി ബിൽ 37/2020-21 25.03.21 | 60000 | 0 | 60000 |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 500/20-21,ഒറ്റപ്ലാക്കൽ പടി-മൂലേൽപ്പടി പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 8 | ട്രഷറി ബിൽ 40/2020-21 25.03.21 | 50000 | 0 | 50000 |
| വാട്ടർ അതോറിട്ടി,പി.എച്ച് ഡിവിഷൻ,കോട്ടയം | 501/20-21,ചേപ്പുംപാറ-കോലഞ്ചിറ പൈപ്പ് ലൈൻദീർഘിപ്പിക്കൽ വാർഡ് 4 | ട്രഷറി ബിൽ38/2020-21 25.03.21 | 70000 | 0 | 70000 |
| ആകെ | | | 3610000 | 0 | 3610000 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

**4-5 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 7680562+2080000+ 1900000= 11660562 | 1900000 | 8907059 | 1141726 | -- | 9665333 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 1,73,53,883.23 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ വരവ്) | 9,74,330.45 |
| ആകെ | 1,83,28,213.68 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,83,28,213.68 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|
| സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം.4352458000015 | 1,73,53,883.23 | 1 വർഷം 15.07.2020 മുതൽ 14.07.2021 വരെ | 5.5% |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 171215574.06 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 126870320.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 19365 | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 1409461 | ,, |
| 1-33 | 500000 | ,, |
| 1-34 | 173077 | ,, |
| 1-35 | 2481 | ,, |
| 1-40 | 125990 | ഡോ. സാജൻ ചെറിയാൻ,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-41 | 40134 | ശ്രീമതി സിന്ധു പി.ജി,<br>ഐസിഡിഎസ് സൂപ്പർവൈസർ |
| 1-47 | 3610000 | ശ്രീമതി സുജ മാത്യു, സെക്രട്ടറി |
| 1-48 | 13279 | ഡോ. അനീഷ് സി.വർക്കി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| | 5893787 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90& 1990-91 | എൽ.എഫ്.കെ.പി3-1245/94/3.5.94/12.7.94 | - |
| 1991-92& 1992-93 | എൽ.എഫ്.കെ.പി5-712/96/15.4.97/5.7.97 | |
| 1993-94 | എൽ.എഫ്.കെ.പി3 - 514/97/27.2.98/8.3.99 | |

| | | |
|---|---|---|
| 1994-95 | എൽ.എഫ്.കെ.പി3 - 449/99/21.6.99/9.8.99 | |
| 1996-97 | എൽ.എഫ്.കെ.പി4 -930/2000/15.11.00/4.12.00 | |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(1)/18/ 27.02.18 | 12 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(2)/18/ 27.02.18 | |
| 2001-02 | എൽ.എഫ്.കെ.പി4 - 648/04/14.2.05/1.8.05 | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 - 673/05/16.12.05/6.2.06 | |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 - 681/06/23.12.06/16.1.07 | |
| 1998-99 | എൽ.എഫ്.കെ.പി11 - 1064/07/25.2.08/4.4.08 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി5 - 1065/07/26.5.08/30.7.08 | |
| 2003-04 | എൽ.എഫ്.കെ.പി5 - 1066/07/26.5.08/30.7.08 | |
| 2004-05 | എൽ.എഫ്.കെ.പി5 - 1084/07/26.5.08/30.7.08 | |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(3)/18/ 02.02.18 | 3 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(4)/18/ 02.02.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി5 - 435/10/11.11.15 | 3 |
| 2008-09 | എൽ.എഫ്.കെ.പി5 - 436/10/11.11.15 | 2 |
| 2009-10 | എൽ.എഫ്.കെ.പി5 - 694/11/4.12.12 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(5)/18/ 02.02.18 | 9 |
| 2011-12 | എൽ.എഫ്.കെ.പി5 - 497/13/12.7.14 | |
| 2012-13 | എൽ.എഫ്.കെ.പി5 - 1500/14/29.2.16 | 15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/319/2017/02.06.17 | 27 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/622/18/16.04.18 | 24 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/393/18/03.03.18 | 14 |
| | | |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ-<br>കെ.ടി.എം.പി5/88/18/23.01.18 | 15 |
| 2017-18 | കെ.എസ്.എ-<br>കെ.ടി.എം.പി5/348/2020/11.06.20/16.4.19 | 32 |
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം.പി5/1704/2019/23.01.21 | 43 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്